# അദ്ധ്യായം 11

# തല മൂടുന്നതിനെ കുറിച്ചും കർത്തൃമേശയെ കുറിച്ചുമുള്ള നിർദ്ദേശങ്ങൾ

**തല മൂടൽ (11:1-16)**

അദ്ധ്യായം 11 ലെ തല മൂടുന്നതിനെ കുറിച്ചുള്ള പൗലൊസിന്റെ നിർദ്ദേശങ്ങളെ പതിയ നിയമത്തിലെ ഒരു പ്രഹേളിക തന്നെയാണെന്നു പറയാം. കൊരിന്തിലെ അന്നത്തെ ആചാരപരവും മതപരവുമായ കാര്യങ്ങളെ കുറിച്ചുള്ളതായിരുന്നു ഉൽക്കണ്ഠ. ആ ചോദ്യങ്ങൾ പുതിയ നിയമത്തിൽ മറ്റൊരിടത്തും കാണുന്നില്ല. കൊരിന്ത്യയിലുള്ളവരുടെ അന്നത്തെ ആചാരങ്ങളും പരിശിലാനങ്ങളും രണ്ടായിരം വർഷങ്ങൾക്ക് ശേഷം പുനരാവിഷ്ക്കരിക്കുക പ്രയാസമാണ്. കൊരിന്ത് ഒരു അന്തർദ്ദേശീയ പട്ടണം ആയിരുന്നു. പൗലൊസ് അവിടെ എത്തുന്നതിന് വർഷങ്ങൾക്കുമുൻപ് കുടിയേറിപ്പാർത്ത റോമാക്കാർ ആയിരുന്നു ആ പട്ടണം കണ്ടെത്തിയത്, ഒരു പ്രത്യേക മുദ്ര അവരുടേതായി അതിൽ പതിച്ചിരുന്നു. അവിടത്തെ ചന്തകളിലും അയൽക്കാരിലും അധികം ഗ്രീക്കുകാരായിരുന്നു, യെഹൂദന്മാരുടെ സാന്നിധ്യവും ചെറുതായിരുന്നില്ല.

സഭാ വിശ്വാസികൾ അവരുടെ ഉപദേശത്തിനും മറ്റും കൂടി വന്നിരുന്നത് പള്ളികളിലായിരുന്നു, അതിൽ ജാതികളായവരുടെ ഒരു നല്ല സംഖ്യയും ഉൾപ്പെട്ടിരുന്നു. ഗ്രീക്കുകാരുടേയും റോമാക്കാരുടേയും ദേവന്മാരും യിസ്രായേലിന്റെ ദൈവവും തമ്മിൽ മൽസരമായിരുന്നു. അടുത്ത സമയത്ത് മരിച്ചുപോയ രാജകുടുംബത്തിലെ അംഗങ്ങളുടെ പേരിൽ ക്ഷേത്രാരാധന നടത്തിയിരുന്നു. വൈവിധ്യ മതങ്ങൾ സമൂഹത്തിൽ സംഘർഷങ്ങൾ വളർത്തിയിരുന്നു. എന്നാൽ കലഹത്തിനു അത് മാത്രമായിരുന്നില്ല കാരണം. കൊരിന്ത് ഒരു കോസ്മോപൊളിറ്റൻ പട്ടണമായിരുന്നു. അവിടത്തെ ധനികന്മാരും ദരിദ്രരും തമ്മിൽ വളരെ അന്തരം നിലനിന്നിരുന്നു. സമ്മിശ്രമായ ആചാരങ്ങൾ നിലനിന്ന പശ്ചാത്തലത്തിലായിരുന്നു പൗലൊസ് സ്ത്രീകൾ മുടുപടം ഇടുന്നതിനെ കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നത്. അത് സാധാരണ സംഭവത്തേക്കാൾ സങ്കീർണ്ണമായ ഒരു ആചാരമായിരുന്നു.

വിഷമമുള്ള ഏതു വേദഭാഗവും വ്യാഖ്യാനിക്കുന്നതിന് അവിടത്തെ പശ്ചാത്തലവും സന്ദർഭവും അറിഞ്ഞിരിക്കണം; എന്നാൽ കൊരിന്തിലെ തല മൂടുന്നതിനെ കുറിച്ച്, പറഞ്ഞാൽ അത് നാം വിചാരിക്കുന്നതിനേക്കാൾ സങ്കീർണ്ണമായിരുന്നു. 8:1 ൽ തുടങ്ങിയ വിഗ്രഹാരാധനയുടെ വിപുലീകരണമാണോ അദ്ധ്യായം 11, അതോ 12:1 ൽ തുടങ്ങിയ സഭയുലെ ആരാധനയും പ്രവൃത്തികളും എന്ന പ്രശ്നങ്ങളെ ചർച്ച ചെയ്തപ്പോൾ പുതുതായി പരിചയപ്പെടുത്തിയതാണോ? “നൗ കൺസേണിങ്” എന്ന പ്രയോഗം 8:1 നും 12:1 നും ഇടക്ക് കാണുന്നില്ല. എന്നാൽ 11:2 ൽ “നിങ്ങളെ പുകഴ്ത്തുന്നു ...” എന്നു പറഞ്ഞ് ലേഖനം ഒരു പുതിയ വഴിത്തിരിവിലേക്കാണ് നീങ്ങുന്നത്

എന്ന് ആന്റണി സി. തിസിൽടെൻ അഭിപ്രായപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാട് ഇങ്ങനെ തുടരുന്നു "... ഏകോപിച്ച [8:1–11:1] ലെ വിഷയം ബല ഹീന സഹോദരനെ സഹിക്കുക എന്നതാണ്; [11:2–14:40] വരെ സമൂഹമായി ആരാധനക്ക് കൂടി വരുമ്പോഴത്തെ സ്ഥിതിയെയാണ് വിവരിക്കുന്നത് ..."[1]

തിസിൽടെന്റെ അഭിപ്രായത്തോട് ഒരാൾ വിയോജിപ്പ് പ്രകടിപ്പിച്ചേക്കാം. 8:1–11:1 വരെയുള്ള ഭാഗത്തെ ഏകോപിച്ച വിഷയം, വിഗ്രഹാർപ്പിതത്തോടുള്ള ക്രിസ്ത്യാനിയുടെ ശരിയായ മനോഭാവവും 11:2–34 വരെയുള്ള ഭാഗത്തേത്, മറ്റു കാര്യങ്ങളോടൊപ്പം കൂടിവരവും ആരാധനയും വിഷയം ആക്കിയിരിക്കുന്നു. ക്ഷേത്രത്തിൽ വെച്ച മാംസം ഭക്ഷിക്കുന്നത് സംബന്ധിച്ച് ബലഹീന സഹോദരനെ കുറിച്ചുള്ള ചിന്തയാലാണ് അത് അപ്പൊസ്തലൻ വിലക്കിയിരിക്കുന്നത്. തലമൂടുന്നതുപോലും വിഗ്രഹാർപ്പിതവുമായി ബന്ധപ്പെട്ടതാണ്.

കൊരിന്ത്യ സഭയിൽ തല മൂടുന്നതിനെ കുറിച്ചുള്ള ചോദ്യങ്ങൾ ഒരു പ്രത്യേക മതപരമായ അവസ്ഥയിലേക്ക് എത്തിച്ചു എന്നു അതിനെ കുറിച്ച് ഗവേഷണം നടത്തിയ റിച്ചാർഡ് ഈ. ഓസ്റ്റർ ജൂനിയർ പ്രസ്താവിച്ചിരിക്കുന്നു. തല മൂടുന്നത്, കർത്തൃമേശ എന്നിവയിലും, വിഗ്രഹത്തിന്റെ മുൻപിൽ വെച്ച മാംസം കഴിക്കുന്നതും ആയ ചോദ്യങ്ങൾക്കെല്ലാം പ്രയോജനകരമായി തീർന്നു പൗലൊസിന്റെ ലേഖനത്തിലെ അദ്ധ്യായം 8 മുതൽ 10 വരെയും 12 മുതൽ 14 വരെയും ഉള്ള ഭാഗങ്ങൾ എന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു.[2]

## പൗലൊസിന്റെ മാതൃക (11:1)

**[1]ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കയാൽ, നിങ്ങൾ എന്റെ അനുകാരികൾ ആകുവിൻ.**

**വാക്യം 1.** ഈ വാക്യം അദ്ധ്യായം 10 ന്റെ അവസാനം വരേണ്ടതായിരുന്നു എന്നു ബൈബിൾ പണ്ഡിതന്മാർ പൊതുവിൽ സമ്മതിക്കും. വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ വെച്ച മാംസം തിന്നുന്നതിനെ കുറിച്ച് അപ്പൊസ്തലൻ പരാമർശിച്ച ശേഷം, അപ്പൊസ്തലൻ കൊരിന്ത്യയിലെ ക്രിസ്ത്യാനികളോട് യെഹൂദന്മാർക്കോ ജാതികൾക്കോ ഇടർച്ച വരുത്താതെ ദൈവത്തിന് മഹത്വം കൊടുത്ത് എന്റെ അനുകാരികൾ ആകുവിൻ എന്നു പറഞ്ഞു (4:16 നോക്കുക). താൻ ചെയ്തതുപോലെ ചെയ്യുവാൻ പൗലൊസ്, ഫിലിപ്പിയയിലുള്ളവരോടും തെസലൊനിക്യയിലുള്ളവരോടും ആവശ്യപ്പെട്ടു (ഫിലി. 3:17; 4:9; 1 തെസ്സ. 1:6; 2 തെസ്സ. 3:9).

## പൗലൊസിന്റെ മുഖവുര (11:2, 3)

**[2]നിങ്ങൾ സകലത്തിലും എന്നെ ഓർക്കുകയും ഞാൻ നിങ്ങളെ ഏൽപിച്ച കൽപനകളെ പ്രമാണിക്കയും ചെയ്കയാൽ നിങ്ങളെ പുകഴ്ത്തുന്നു. [3]എന്നാൽ ഏതു പുരുഷന്റേയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു.**

11:2–16 വരെയുള്ള ഭാഗങ്ങളിൽ പൗലൊസിന്റെ ചർച്ച ശ്രദ്ധിച്ചാൽ രണ്ട് വസ്തുതകൾ മസിലാകും. ഒന്ന്, തല മൂടുന്നതിനെ കുറിച്ച് പുതിയ നിയമ

ത്തിൽ മറ്റൊരു ഭാഗത്തും പറയാത്തതിനാൽ, അപ്പൊസ്തലൻ കൊരിന്തിലെ ഒരു പ്രത്യേക സംഭവത്തെയാണ് കൈകാര്യം ചെയ്യുന്നത്. രണ്ട്, 8:1 മുതലുള്ള വേദഭാഗങ്ങളിൽ പറയുന്നത് അന്നത്തെ ആചാരമായിരുന്ന വിഗ്രഹങ്ങളുടെ മുൻപിൽ കൊണ്ടു വെച്ച മാംസം ഭക്ഷിക്കുന്ന വിഷയമാണ് പരാമർശിക്കുന്നത്. അന്യ ദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ ആചാരമനുസസരിച്ചായിരുന്നു കൊരിന്ത്യയിലെ ക്രിസ്ത്യനികൾ പിന്തുടർന്നത് എന്നു സ്പ,ഷ്ടം.

തല മൂടുന്നതിന് കൊരിന്ത്യൻ ക്രിസ്ത്യാനികളിലേക്ക് മറ്റു ഘടകങ്ങളും സ്വാധീനിച്ചിരിക്കാം. കൊരിന്ത്യയിലെ സാമൂഹ്യ ജീവിതത്തിൽ നിലനിന്ന ധാർമ്മികത്വം ഗ്രീക്കുകാരുടേതായിരുന്നില്ല, മറിച്ച് റോമാക്കാരുടേതായിരുന്നു. എന്നത് പ്രാധാന്യമുള്ള കാര്യമാണ്. റോമൻ ആചാരമനുസരിച്ച് സ്ത്രീകൾ തങ്ങളുടെ ദേവന്മാരോട് പ്രാർത്ഥിക്കുമ്പോൾ, ഏതെങ്കിലും വസ്ത്രം തലയിൽ ഇടുമായിരുന്നു. എന്നാൽ യെഹൂദന്മാർക്കിടയിൽ സ്ത്രീകൾ തല മൂടിയിരുന്നത് കീഴ്പ്പെടലിന്റെ സൂചനയായിട്ടായിരുന്നു. കൂടാതെ, മതപരമായ കാര്യങ്ങളിൽ കുടുംബത്തിന്റെ അധികാരം ഭർത്താവിന്/അപ്പന് ആയിരിക്കും, സ്ത്രികൾ അവർക്ക് കീഴ്പ്പെട്ടിരിക്കുന്നതാണ് പതിവ്. സ്ത്രീപുരുഷന്മാർ കൂടി വരുമ്പോൾ, മതപരമായ കാര്യങ്ങൾക്കായാലും, സ്ത്രീകൾ സാധാരണയായി പുരുഷന്മാരുമായി ഇടപെട്ടിരുന്നില്ല.

സഭ കൂടി വരുന്ന സന്ദർഭത്തിൽ, എങ്ങനെയായാലും, അദ്ധ്യായം 14 വ്യക്തമായി പറയുന്നത്, സഭ കൂടി വരുമ്പോൾ സ്ത്രീകളും പുരുഷന്മാരും സമ്മിശ്രമായിട്ടാണ് സന്നിഹിതരാകുന്നത് എന്നാണ്. അതിലുപരിയായി, അവർ കൂടി വന്നിരുന്നത്, സാമൂഹ്യ പതിവനുസരിച്ച് വീടുകളിലായിരുന്നു, സ്ത്രീകൾ പുരുഷന്മാരെ ബഹുമാനിക്കുന്നത് പ്രത്യേകമായി അന്നത്തെ സാമൂഹികാചാരമായിരുന്നു. ക്രിസ്തീയ വിശ്വാസത്തിൽ സ്ത്രീ പുരുഷന്മാർ കൂടി വന്ന് ദൈവത്തെ ആരാധിക്കുമ്പോൾ, അവരുടെ പല ആചാരങ്ങളും അവരെ മാനസികമായി സംഘർഷത്തിലാക്കി. ശക്തമായ അഭിപ്രായങ്ങൾ ആവശ്യപ്പെടുന്ന ലോലമായ ചോദ്യങ്ങളായിരുന്നു അവരുടേത്.

**വാക്യം 2**. തനിക്ക് പറയുവാനുള്ളത് കേൾക്കുവാൻ കൊരിന്ത്യയിലെ ക്രിസ്ത്യാനികളുടെ മനസ് അപ്പൊസ്തലൻ പാകപ്പെടുത്തുകയായിരുന്നു. സഭ തന്നോട് കാണിച്ച സ്നേഹത്തിനു അവൻ അവരെ പുകഴ്ത്തുകയും അനുമോദിക്കയും ചെയ്തു.തല മൂടുന്നതിനെ കുറിച്ചുള്ള ചോദ്യങ്ങൾ മുൻപ് ഉയർന്നതാണ്, ഇപ്പോൾ പൗലൊസ് അവരെ മുൻപ് പഠിപ്പിച്ചത് അവർ **ഓർക്കണമായിരുന്നു**. അവൻ അവർക്ക് പകർന്നു കൊടുത്ത **കൽപനകൾ** പ്രമാണിക്കുവാൻ അവർ കാത്തിരിക്കുകയായിരുന്നു. അവരുടെ നല്ല പ്രവൃത്തിയെ പ്രശംസിച്ചശേഷമാണ് പൗലൊസ് അവരെ ഉപദേശിക്കയും ശാസിക്കയും ചെയ്തത്.

പതിവു പോലെ “കുറിച്ച്” എന്നു പറഞ്ഞു തല മൂടുന്നതിനെ കുറിച്ചുള്ള ചർച്ച ആരംഭിക്കുന്നതിന് പകരം, “ഞാൻ നിങ്ങളെ പുകഴ്ത്തുന്നു” എന്നു പറഞ്ഞിട്ടാണ് അവൻ ചർച്ചയിലേക്ക് പ്രവേശിക്കുന്നത്. അതുകൊണ്ട് ഈ നിർദ്ദേശവും 8:1 ൽ തുടങ്ങിയ “... വിഗ്രഹാർപ്പിതം” എന്നതിലും അതേ പൊതുവായ നിർദ്ദേശമാണ് നൽകുന്നത്. എന്നാൽ തല മൂടുന്നത് വിഗ്രഹാർപ്പിതവുമായി നേരിട്ടു ബന്ധമില്ല, വിഗ്രഹാരാധന നടത്തുന്ന സമൂഹത്തിലെ ക്രിസ്ത്യാനിയുടെ ജീവിതം എങ്ങനെയായിരിക്കണം എന്നത് പ്രാധാന്യമർഹിക്കുന്നു. ആ,സാഹചര്യത്തിൽ ഓരോ ക്രിസ്ത്യാനിയുടേയും ജീവിതം ആളുകൾ വീക്ഷിക്കും. മൂന്നു പേരായിരുന്നു ആ വിവരങ്ങളെല്ലാം പൗലൊസിനെ

ധരിപ്പിച്ചത് (16:17). അതൊടൊപ്പം തല മൂടുന്നതിനെ കുറിച്ചുള്ള അവരുടെ പരാതിയും പരിഹരിക്കുന്നു.

**വാക്യം 3**. വാക്യത്തിൽ പൗലൊസ് കൃത്യമായി **തലയെ** ആണ് എടുത്തു കാണിക്കുന്നത്. ആധുനിക ഇംഗ്ലീഷിൽ, *"തല" എന്നു പറയുന്നത് അധികാരത്തെ അല്ലെങ്കിൽ ശക്തിയെ സൂചിപ്പിക്കുന്നു*. ഒരു കോർപ്പറേഷന്റെ "തല" ഒരുപക്ഷെ ഒരു ബോർഡ് ആയിരിക്കാം. രണ്ട്, പുരാതന ലോകത്ത് ആ വാക്ക് ഈ അർത്ഥത്തിൽ ഉപയോഗിച്ചിരുന്നില്ല എന്നു ചിലർ പറയുന്നു. അത് ആരംഭത്തെയാണ് കാണിക്കുന്നത് എന്നാണ് അവരുടെ ചിന്ത. ഉദാഹരണത്തിന് "നദിയുടെ തല." "ഒരു ക്ളാസിന്റെ തല" എന്നാൽ ആ ക്ലാസിന്റെ പ്രധാനം എന്നാണ് അർത്ഥം, ആ സന്ദർഭത്തിൽ, അത് ക്രിസ്തുവിന്മേലുള്ള ദൈവികധികാരമോ, മനുഷ്യരുടെ മേലുള്ള ക്രിസ്തുവിന്റെ അധികാരവുമല്ല സൂചിപ്പിക്കുന്നത്. മറിച്ച് ചില മുൻഗണനാ സ്ഥാനത്തെ നിർണ്ണയിക്കുന്നു. ഉദാഹരണമായി, സൃഷ്ടിപരമായി, ദൈവം ആദ്യം സൃഷ്ടിച്ചത് പുരുഷനെയാണ്, പിന്നെയാണ് സ്ത്രീയെ ഉണ്ടാക്കിയത്. പൗലൊസിന്റെ കാഴ്ച്ചപ്പാട് അനുസരിച്ച്, തലമൂടുന്നത് സംബന്ധിച്ച് പുരുഷനാണ് മുൻഗണനാ ക്രമത്തിൽ വരുന്നത് പിന്നീടാണ് സ്ത്രീ വരുന്നത്. അല്ലാതെ അധികാരത്തെയോ ശക്തിയെയോ അല്ല തല മൂടൽ കാണിക്കുന്നത്.

പൗലൊസ് ഇവിടെ പ്രത്യേക വാക്ക് "തല" (κεφαλή, *കെഫലെ*). കൊരിന്തിലെ പ്രശ്ന പരിഹാരത്തിന് ദൈവത്തിന്റെ ക്രമമാണ് പറയുന്നത് എന്ന് ഓസ്റ്റർ വാദിച്ചിരിക്കുന്നു. അദ്ദേഹം തുടരുന്നു,

> ക്രിസ്തുവും എല്ലാ പുരുഷന്മാരുമായുള്ള ബന്ധം പറയുന്നതിന് പ്രത്യേകമായി, പൗലൊസ് ഇവിടെ മാത്രമാണ് "തല" (*കെഫലെ*) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്, അല്ലെങ്കിൽ പുരുഷനും സ്ത്രിയും തമ്മിലുള്ള ബന്ധം സൂചിപ്പിച്ച് മറ്റൊരിടത്തും പൗലൊസ് ആ വാക്ക് ഉപയോഗിച്ചിട്ടില്ല.[3]

എഫെസ്യർ 5:21–33 ൽ ഭാര്യയുടേയും ഭർത്താവിന്റെയും ചുമതലകളെ വിവരിക്കുമ്പോൾ ഒരു കുറിപ്പ് ചേർത്തിരിക്കുന്നു. അതു പൊതുവായിട്ടുള്ള ബന്ധത്തെ ഉദ്ദേശിച്ചല്ല പറയുന്നത്. സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം ഒരിക്കൽ മനസിലാക്കുവാൻ കഴിഞ്ഞാൽ, പിന്നെ വിവാഹിതരായ ഭാര്യയും ഭർത്താവും തമ്മിലുള്ള പ്രത്യേക ബന്ധം തിരിച്ചറിയുവാൻ പ്രയാസമില്ല.

"തല" എന്നത് അധികാരത്തെയാണ് പറയുന്നത് എന്ന വാദം ഒരിക്കലും ഉയർന്നിട്ടില്ല. ഗ്രീക്ക് റോമാ ലോകത്ത് "തല" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്, "അധികാരത്തെ" കുറിക്കുന്നതിനാണ്. ഉദാഹരണമായി ഗവൺമെന്റിന്റെ തല. എന്നു പറഞ്ഞാൽ ഉയർന്ന സ്ഥാനത്ത് ഇരിക്കുന്ന ആൾ എന്നാണ് അർത്ഥം. ജോസഫ് ഏ. ഫിറ്റ്സ്മിയെർ κεφαλή ൽ നിന്നു തെളിവുകൾ ശേഖരിച്ചു, ഫിലോയുടേയും ജോസഫസിന്റേയും എഴുത്തുകളും പരിശോധിച്ചു തീർപ്പാക്കിയതെന്തെന്നാൽ, "ഒരു യെഹൂദ മതാനുസാരി തർസൊസുകാരനായ പൗലൊസ് 1 കൊരിന്ത്യർ 11:3 ലെ ഉദ്ദേശിച്ച 'തല' യുടെ അർത്ഥം അധികാരം അല്ലെങ്കിൽ ഉയർന്ന സ്ഥാനം എന്നു മനസിലാക്കണം."[4] കെഫലെ എന്നത് ചില സന്ദർഭത്തിൽ മുഖ്യ സ്ഥാനത്തെയും സൂചിപ്പിക്കുന്നു, മറ്റു ചിലപ്പോൾ അധികാരത്തെയും പറയുന്നു.

ഗ്രീക്ക് ആചാരമനുസരിച്ച് സ്ത്രീ പുരുഷന്മാർ ഇടപഴകുന്നത് വളരെ അപൂർവ്വമായിരുന്നു.[5] സഭയായി സ്ത്രീപുരുഷന്മാർ ഒന്നിച്ചു കൂടുന്നത് അരോചകമായിരുന്നു അവരുടെ കാഴ്ച്ചപ്പാടിൽ (14:34 നോക്കുക). അവരുടെ പങ്കിനെ കുറിച്ച് ചോദ്യങ്ങൾ ഉയർന്നിരുന്നു. സഭയിൽ പഠിപ്പിക്കുന്നതും പോറ്റിപ്പുലർത്തുന്നതുമായ കാര്യങ്ങളിൽ അധികാരത്തെ കുറിച്ചും ചോദ്യ ങ്ങൾ ഉയർന്നിരുന്നു.

**പൗലൊസിന്റെ വിശദീകരണം (11:4-16)**

**4മൂടുപടം ഇട്ടു പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന ഏതു
പുരുഷനും തന്റെ തലയെ അപമാനിക്കുന്നു. 5മൂടുപടമില്ലാതെ പ്രാർത്ഥി
ക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏത് സ്ത്രീയും തന്റെ തലയെ അപമാനി
ക്കുന്നു. അത് അവൾ ക്ഷൌരം ചെയ്തതുപോലെയല്ലൊ. 6സ്ത്രീ മൂടുപടം
ഇടുന്നില്ലെങ്കിൽ, മുടി കത്രിച്ചു കളയട്ടെ. കത്രിക്കുന്നതോ ക്ഷൌരം ചെയ്യു
ന്നതോ സത്രീക്ക് ലജ്ജയെങ്കിൽ, മൂടുപടം ഇട്ടുകൊള്ളട്ടെ. 7പുരുഷൻ ദൈവ
ത്തിന്റെ പ്രതിമയും തേജസും ആകയാൽ മൂടുഹടം ഇടേണ്ടതില്ല. സ്ത്രീയോ
പുരുഷന്റെ തേജസ് ആകുന്നു. 8പുരുഷൻ സ്ത്രീയിൽനിന്നല്ലല്ലോ സ്ത്രീ
പുരുഷനിൽനിന്നത്രെ ഉണ്ടായത്. 9പുരുഷൻ സ്ത്രീക്കായിട്ടല്ല, സ്ത്രീ പുരു
ഷന്നായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടത്. 10ആകയാൽ സ്ത്രീക്ക് ദൂതന്മാർ നിമിത്തം
തലമേൽ അധീനതാലക്ഷ്യം ഉണ്ടായിരിക്കേണം. 11എന്നാൽ കർത്താവിൽ
പുരുഷനെകൂടാതെ സ്ത്രീയുമില്ല, സ്ത്രീയെ കുടാതെ പുരുഷനുമില്ല. 12സ്ത്രീ
പുരുഷനില്നിന്നുണ്ടായതുപോലെ, പുരുഷനും സ്ത്രീ മുഖാന്തരം ഉളവാകു
ന്നു. എന്നാൽ സകലത്തിനും ദൈവം കാരണഭൂതൻ. 13നിങ്ങൾ തന്നെ വിധി
പ്പിൻ, സ്ത്രീ മൂടുപടം ഇടാതെ ദൈവത്തോട് പ്രാർത്ഥിക്കുന്നത് യോഗ്യമോ?
14പുരുഷൻ മുടി നീട്ടിയാൽ അത് അവന്ന് അപമാനം എന്നും 15സ്ത്രീ മുടി
നീട്ടിയാലോ അത് മൂടുപടത്തിന് പകരം നൽകിയിരിക്കകൊണ്ട്, അവൾക്ക്
മാനം ആകുന്നു എന്നും പ്രകൃതി തന്നെ നിങ്ങളെ പഠിപ്പിക്കുന്നുവല്ലൊ.
16ഒരുത്തൻ തർക്കിപ്പാൻ ഭാവിച്ചാൽ, അങ്ങനെയുള്ള മര്യാദ ഞങ്ങൾക്കില്ല,
ദൈവസഭകൾക്കുമില്ല എന്നു ഓർക്കട്ടെ.**

**വാക്യം 4**. പ്രാർത്ഥന എന്നു പറയുന്നത് പരിശുദ്ധാത്മ വരമായിട്ടോ അല്ല ാതെയോ ആയിരിക്കാം. പ്രവചനം തീർച്ചയായും പരിശുദ്ധാത്മവരത്താൽ ലഭിക്കുന്നതാണ്. പൗലൊസ് പറയുന്ന ആ രണ്ടു പ്രവൃത്തികളും സഭ കൂടി വരുമ്പോൾ നടത്തുന്നതാണ്.[6] തലയിൽ മൂടുപടമിടുക എന്ന പ്രയോഗം അക്ഷരികമായി, ("തല അനുസരിച്ച്") എന്നത് തല മൂടുന്നതിനെ കുറിച്ചാണ് പൗലൊസ് പറയുന്നത്. സ്വാഭാവികമായ മുടി മൂടുപടത്തിന് പകരമാണ്, പൗലൊസ് പറയുന്നത് ബാഹ്യമായി മൂടുന്നതിനെ കുറിച്ചാണ്. മുടിയാണ് പ്ര ശ്നമെങ്കിൽ, പുരുഷൻ ആരാധനക്ക് വരുന്നതിനു മുമ്പ് ക്ഷൌരം ചെയ്യട്ടെ എന്ന താണ് നിർദ്ദേശം എങ്കിൽ അത് വിശ്വസിക്കുവാൻ പ്രയാസം. അതിനു പുറമെ, സ്ത്രീക്ക് മുടി അവളുടെ "തേജസ്" എന്നു പറഞ്ഞിരിക്കുന്നു (11:15). സ്ത്രീ എന്തിനാണ് അവളുടെ തേജസ് മൂടുന്നത്? ബെൻ വെതറിങ്ടൻ III പറയുന്നത്,

തലമുടിയെ കുറിച്ചുള്ള പൗലൊസിന്റെ ചർച്ച (വാക്യങ്ങൾ. 14 മുതൽ),

> അവസാനം പിന്തുണക്കുന്ന കാര്യം ഒരു തരത്തിൽ തല മൂടുന്നതിൽ എത്തി നിൽക്കുന്നു ... ഇവിടത്തെ പ്രശ്നം തലമൂടുന്നതാണ്.[7]

പഴയ കമെന്ററികൾ, തല മൂടുന്നതിനെ കുറിച്ച് പൗലൊസ് ചർച്ച ചെയ്തതിനെ കുറിച്ച്, അടുത്തകാലത്ത് ഇറങ്ങിയ ചില കമെന്ററികളടക്കം, നവീന മാർഗം സ്വീകരിച്ച് പുരുഷന്മാരും സ്ത്രീകളും തല മൂടുന്നതിനെ കുറിച്ചാണ് പൗലൊസ് പ്രബോധിപ്പിച്ചത് എന്നു നിരീക്ഷിച്ചു. ചിലർ പറയുന്നത് പുരുഷന്മാർ തലയിൽ എന്തിടുന്നു എന്നത് അപ്പൊസ്തലനൻ കാര്യമാക്കിയില്ല, പക്ഷെ സ്ത്രീകൾ മൂടുപടമിടുന്നതിനെ കുറിച്ചാണ് അപ്പൊസ്തലൻ ചിന്തിച്ചത് എന്നാണ്. അത്തരം കാഴ്ച്ചപ്പാടും വ്യാഖ്യാനവും തെറ്റു തന്നെയാണ്. ഭൂഗർഭ ഗവേഷണവും, സാഹിത്യ ഗ്രന്ഥങ്ങളും തെളിയിക്കുന്നത്, റോമൻ സ്ത്രീകളും പുരുഷന്മാരും അവരുടെ ആരാധനയിൽ മൂടുപടം ഇട്ടിരുന്നു എന്നാണ്.[8] ആരാധനയിൽ പുരുഷന്മാർ മൂടുപടം ഇടുന്ന കാര്യം അപ്പൊസ്തലൻ ഗൗരവമായിട്ടാണ് എടുത്തത്.

റോമൻ ആചാരം കൊരിന്തിൽ കടന്നു വന്നത് ഒന്നാം നൂറ്റാണ്ടിന്റെ-മദ്ധ്യത്തിലായിരുന്നു.റോമാക്കാർ സ്ത്രീകളായാലും പുരുഷന്മാർ ആയാലും ഏതെങ്കിലും വിധത്തിൽ തല മൂടിയിരുന്നു. റോമൻ പശ്ചാത്തലമുള്ളവർ ക്രിസ്ത്യാനികളായ ശേഷവും, ആരാധനയിൽ അവർ തങ്ങളുടെ പതിവ് "പ്രാർത്ഥിക്കുമ്പോഴും പ്രവചിക്കുമ്പോഴും തുടർന്നിരുന്നു." പൗലൊസ് 11:3 ൽ അദ്ധ്യക്ഷനായിരിക്കേണ്ടത്, പുരുഷന്മാരാണ് എന്നു പറഞ്ഞിരിക്കയാൽ, "പുരുഷന്മാർ തലയിൽ മൂടുപടമിട്ടു പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്നത് പരസ്പരവിരുദ്ധമായി തീരും."[9]

റോമൻ ആചാരപ്രകാരം പുരുഷന്മാർ തലയിൽ മൂടുപടം ഇട്ടു പ്രാർത്ഥിക്കയും പ്രവചിക്കയും ചെയ്തതിനെ പൗലൊസ് തിരുത്തുകയായിരുന്നു. റോമാക്കാരോ അല്ലാത്തവരോ ആയ സ്ത്രീകൾ സഭാ യോഗത്തിൽ "മൂടുപടം ഇടാതെ പ്രാർത്ഥിക്കയും പ്രവചിക്കയും" ചെയ്തതിനേയും അപ്പൊസ്തലൻ തിരുത്തുകയായിരുന്നു.

എവററ്റ് ഫെർഗൂസൻ പറഞ്ഞു, "... യാഗത്തിൽ റോമാ സ്ത്രീപുരുഷന്മാരുടെ ആചാരം ക്രിസ്തീയാരാധനയിൽ തുടർന്നത് വിശദീകരിക്കുവാൻ പ്രയാസമേറിയ സങ്കീർണ്ണാവസ്ഥയിലാക്കി"[10] അദ്ദേഹം തുടർന്ന് എഴുതി,

> 1 കൊരി 11 ലെ സന്ദർഭം നാം ഒന്ന് പുനരാവിഷ്ക്കരിക്കുകയാണെങ്കിൽ, ധനികരുടെ അല്ലെങ്കിൽ സഹതാപമുള്ള (വരുടെ) വീട്ടിൽ അല്ലെങ്കിൽ (വീടുകളിൽ) അന്നത്തെ സഭാംഗങ്ങൾ കൂടി വന്നിരുന്നത് നാം ഭാവനയിൽ കൊണ്ടുവരണം. വീട്ടിലെ സ്ത്രീകൾക്ക് അവരുടെ വീട്ടിൽ മൂടുപടം ഇടാതെ സ്വതന്ത്രമായി സംസാരിക്കാമായിരുന്നു. അന്നത്തെ പ്രത്യേക സാഹചര്യമനുസരിച്ച്, "നിങ്ങൾ സഭയായി കൂടി വരുമ്പോൾ" (1 കൊ. 11:18), "സഭ മുഴുവനും കൂടി വരുമ്പോൾ" (1 കൊ. 14:23). അതായത് പരസ്യമായി സഭയിൽ അംഗങ്ങൾ കൂടി വരുമ്പോൾ പാലിക്കേണ്ട ഉചിതവും ക്രമവുമായ കാര്യങ്ങളാണ് നിർദ്ദേശിക്കുന്നത്.[11]

**വാക്യം 5. തല മൂടാതെ പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന സ്ത്രീ** അവളുടെ സ്വന്ത തലയെ തന്നെയാണ് അപമാനിക്കുന്നത്; അതായത്, അവൾ

തനിക്ക് തന്നെ ലജ്ജ വരുത്തുകയാണ് എന്നർത്ഥം. “കൂടി വരുമ്പോൾ” എന്നു പൗലൊസ് പറയുവാൻ പ്രത്യേക കാരണം കാണുന്നില്ല. ആലങ്കാരികമായി അവളുടെ ഭർത്താവിനെ “തല” എന്ന് 11:5 ലും 11:3 ലും പറഞ്ഞിരിക്കുന്നു.

പ്രവചനം നടത്തിയിരുന്നത് പരിശുദ്ധാത്മാവിന്റെ സ്വാധീനത്താലായിരുന്നു. ഒരുപക്ഷെ ഇവിടെ പൗലൊസ് ഉപയോഗിച്ചിരിക്കുന്ന പ്രാർത്ഥന പ്രവചനത്തിന്റെ ഭാഗമായുള്ളതാകാം. പരിശുദ്ധാത്മ സ്വാധീനത്തിലുള്ള “പ്രാർത്ഥനയും പ്രവചനവും നിയന്ത്രിക്കുകയായിരുന്നില്ല പൗലൊസിന്റെ ലക്ഷ്യം, പിന്നെയോ, “സ്ത്രി മൂടുപടം ഇട്ട് പ്രാർത്ഥിക്കയും പ്രവചിക്കയും” ചെയ്യുമ്പോൾ അവൾ പുരുഷന്മാർക്കും സ്ത്രീകൾക്കും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു (14:34, 35).

തന്റെ യെഹൂദ/പരീശ പഠനത്തിന്റെ അട്സ്ഥാനത്തിലായിരിക്കാം, ക്രിസ്തീയ സ്ത്രീകൾ മൂടുപടമമിടാതെ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്തതിനെ പൗലൊസ് തടഞ്ഞത്. ഒരു യെഹൂദ സ്ത്രീ വിവാഹിതയാകുമ്പോൾ, അവരുടേതായ ചില മര്യാദകൾ പാലിക്കണമായിരുന്നു:

> അവൾ തന്റെ തലമുടി ചുറ്റും കെട്ടി മറക്കണമായിരുന്നു, അവരുടെ ആചാരമനുസരിച്ച് വിവാഹിതയായ യെഹൂദ സ്ത്രീ മൂടുപടം ഇടാതെ വീടിനു പുറത്തുപോയാൽ അവൾ തന്റെ ഭർത്താവിനു നാണക്കേട് വരുത്തുന്നു എന്നതിനാൽ, അവളുടെ ഭർത്താവിന് അവളെ സ്ത്രീധനം നൽകാതെ ഉപേക്ഷിക്കാം.[12]

ദൈവ മുൻപാകെ നിൽക്കുന്ന സ്ത്രീയും പുരുഷനും തുല്യരാണ് (ഗലാ. 3:28). അതിനർത്ഥം അവർക്ക് വ്യത്യാസമുള്ള ആചാരങ്ങളെല്ലാം നീക്കം ചെയ്തു എന്നു ധരിക്കരുത്. മൂടുപടം ഇടാതെ പ്രാർത്ഥിക്കയും പ്രവചിക്കയും ചെയ്ത കൊരിന്ത്യ സഭയിലെ സ്ത്രീ സമ്പദായത്തിന്റെ അടിസ്ഥാനത്തിന്മേലുള്ള ദൈവിക വെളിപ്പാടിനെയും (1 കൊ. 11:8, 9) അവൾ ലംഘിച്ചതിനാൽ അവൾക്ക് തന്നെ അപമാനം വരുത്തുകയാണ് ചെയ്യുന്നത് (11:14).

തന്റെ പോയിന്റ് അടിവരയിടുവാനായി പൗലൊസ് അതിശയോക്തിപരമായ അലങ്കാരമാണ് ഉപയോഗിച്ചത്. സ്ത്രീ മൂടുപടം ഇടാതെ പ്രാർത്ഥിക്കയും പ്രവചിക്കയും ചെയ്യുന്നത് **അവൾ തന്റെ തല ക്ഷൗരം ചെയ്തതിനു തുല്യമാണ്.** ഒരു സ്ത്രീ തന്റെ തല ക്ഷൗരം ചെയ്യുന്നത് അവൾക്ക് ലജ്ജയുളവാക്കും. അപ്പൊസ്തലൻ ഇവിടെ ശക്തമായ അലങ്കാരപ്രയോഗമാണ് നടത്തിയിരിക്കുന്നത്. കൊരിന്ത്യയിലെ വ്യഭിചാരിണികൾ തങ്ങളുടെ തല ക്ഷൗരം ചെയ്തിരുന്നു.[13] “ഒരു സ്ത്രീയുടെ തല ക്ഷൗരം ചെയ്യുന്നതിനെ,” ഡേവിഡ് ഈ. ഗാർലന്റ് പറഞ്ഞു, “സ്വാഭാവിക മൂടുപടം ആയ മുടി നീക്കം ചെയ്യുന്ന പ്രവൃത്തി അസ്വാഭാവികതയാണ്. അത് അവളുടെ മാന്യത കളയുകയും ആചാരപരമായ നിന്ദ വരുത്തുകയും ചെയ്യും.”[14] പൗലൊസ് പറയുന്നത്, *പുരുഷൻ മൂടുപടം ഇടാതിരിക്കുകയും, സ്ത്രീകൾ മൂടുപടം ഇടുകയും വേണം* എന്നാണ്.

**വാക്യം 6**. അനാവശ്യമായി വ്യതിചലിപ്പിക്കപ്പെട്ടവരോ, പരസ്യമായി തല ക്ഷൗരം ചെയ്യുന്ന സ്ത്രീകളോ സമൂഹത്തിന് പുഛമാണ് വരുത്തുന്നത് എന്ന അഭിപ്രായക്കാരാണ് വ്യാഖ്യാതാക്കൾ. തലമുടിയുടെ നീളത്തെയോ അല്ലെങ്കിൽ മുടിയുടെ ശൈലിയെയോ അല്ല പൗലൊസ് പരാമർശിക്കുന്നത്. പുരുഷന്റെയോ സ്ത്രീയുടേയോ മുടിയുടെ നീളം ഒരു ചിത്രീകരണം മാത്രമാ

ണ്. അല്ലാതെ അതു മുഖ്യ പോയിന്റ് ആയിരുന്നില്ല. ഈ ആശയത്തെ കുറിച്ച് പൗലൊസ് പറയുന്നത്, **സ്ത്രീ മൂടുപടം ഇടുന്നില്ലെങ്കിൽ**, അവൾ **തല ക്ഷൗരം ചെയ്യട്ടെ** എന്നാണ്. പുരുഷൻ മുടി നീട്ടിയാൽ അത് അവന് അപമാനവും, സ്ത്രീ മുടി നീട്ടിയാൽ അത് അവൾക്ക് മാനവും ആകയാൽ (11:14, 15). മൂടുപടം ഇടുന്നത് സ്ത്രീയുടെ മാന്യത ഉയർത്തും, അങ്ങനെ ചെയ്തില്ലെങ്കിൽ അത് ലജ്ജാകരമാണ്. യെഹൂദ പാരമ്പര്യത്തിൽനിന്നും അന്യ ദേവന്മാരെ നമസ്ക്കരിക്കുന്ന പശ്ചാത്തലത്തിൽ നിന്നും വന്ന കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് അത് ഉചിതമായതു തന്നെയായിരുന്നു.

സ്ത്രീ പുരുഷന്മാർ, അവരുടെ ബന്ധത്തിൽ അന്യോന്യം ശരിയായ രീതിയിലാണോ എന്നതായിരുന്നു ചോദ്യം. മുടിയുടെ നീളം ഇവിടെ പ്രസക്തമല്ലായ്കയാൽ മതപരമായി അത് അധാർമ്മികമല്ലാത്തിടത്തോളം, അതിന് കുഴപ്പമില്ല. കൊരിന്തിൽ തല ക്ഷൗരം ചെയ്തവരും, മൂടുപടം ഇടാത്ത സ്ത്രീകളും പുരുഷന്മാരും അവർക്കിടയിലെ ആചാരത്തെ കണക്കാക്കുന്നില്ല.

**വാക്യം 7.** ആചാര്യ മര്യാദയനുസരിച്ച് സ്ത്രീ മുടപടം ഇടുകയും പുരുഷൻ ഇടാതിരിക്കയും വേണം. 11:7 ലെ വെളിപ്പാടിലേക്കാണ് അപ്പൊസ്തലൻ തിരിയുന്നത്. 11:3 ലെ തന്റെ പോയിന്റ് ഇവിടെ വികസിപ്പിക്കുകയാണ്. ഏതു പുരുഷന്റേയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം. ഒരു പുരുഷൻ മൂടുപടമിട്ടു പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുമ്പോൾ അവൻ ദൈവത്തെ അപമാനിക്കുന്നു. സൃഷ്ടിയിൽ ദൈവം പുരുഷനെ, തന്റെ സാദൃശത്തിൽ മെനഞ്ഞു (ഉല്. 1:26). മനുഷ്യനു ദൈവത്തോടുള്ള ബന്ധത്തെയാണ് സൃഷ്ടിത്വം കാണിക്കുന്നത്, പിന്നെയാണ് സത്രീയെ ഉണ്ടാക്കിയത്. സൃഷ്ടിപരമായ ക്രമത്തിൽ അവർക്ക് അന്യോന്യം ഒരു ബന്ധമുണ്ട്. തല മൂടുന്നത് ദൈവം അവർക്ക് വെച്ചിട്ടുള്ള ക്രമത്തെ വെളിപ്പെടുത്തുന്നു. ഇതേ വസ്തുത വെളിപ്പെടുത്തുവാൻ വേറെ അടയാളം കൊടുക്കാം.

"പുരുഷൻ ദൈവത്തിന്റെ തേജസ്" എന്നു പറയുമ്പോൾ, പൗലൊസ് അർത്ഥമാക്കുന്നത്, മനുഷ്യന്റെ ശാരീരികയും, മാനസികവും, ആത്മികവുമായ ഭാഗങ്ങൾ ദൈവ തേജസ് വെളിപ്പെടുത്തുന്നു എന്നാണ്. അതിൽ നിന്നു വ്യത്യസ്തമായി, സ്ത്രിക്ക് ലഭിക്കുന്നത് പുരുഷന്റെ തേജസ് ആണ്. അപ്പൊസ്തലൻ അവിടെ നിർത്തി. സ്ത്രീക്ക് അവളുടെ ലിംഗം അനുസരിച്ച് എന്തെങ്കിലും കൂടുതലോ കുറവോ ഉള്ളതായി പറയുന്നില്ല.

**വാക്യങ്ങൾ 8, 9. അതുകൊണ്ട്**, (γάρ, *ഗാർ*) സ്ത്രീ പുരുഷന്റെ തേജസ് ആണെന്ന് പൗലൊസ് തെളിവുകൾ നിരത്തുന്നു (11:7). പുരുഷന്റെ മുൻഗണനയെ ഉൽപത്തി പുസ്തകത്തിൽ പറയുന്നു. ദൈവം ആദ്യം പുരുഷനെ സൃഷ്ടിക്കയും, പിന്നെ അവന്നു ഒരു തുണയായി സ്ത്രിയെ അവനിൽനിന്നു രൂപപ്പെടുത്തുകയുമായിരുന്നു (ഉല്. 2:7, 22). സൃഷ്ടിയുടെ ക്രമപ്രകാരം, സ്ത്രിയുടെ ജീവന്റെ ഉറവിടം പുരുഷൻ ആണ്. കൊരിന്തിലെ സ്ത്രീകൾ തല മൂടുന്നത് ദൈവമുൻപാകെ പുരുഷനും സ്ത്രീയും തമ്മിലുള്ള സാമൂഹ്യ ബന്ധത്തെയും സൃഷ്ടിപരമായ ക്രമത്തെയും കാണിക്കുന്നു.

സൃഷ്ടിയുടെ സമയത്ത് ദൈവം രൂപപ്പെടുത്തിയ ക്രമം ഉൽപത്തിയിൽ നിന്ന് പൗലൊസ് വെളിപ്പെടുത്തിയത് 11:9 ൽ പൗലൊസ് തുടരുകയാണ്. അതിൽ ദൈവത്തിന്റെ ഉദ്ദേശവും അടയാളവും വ്യക്തമാക്കിയിരിക്കുന്നു. സ്ത്രീയെ ഉണ്ടാക്കിയത് പുരുഷന്ന് ഒരു തുണയായിട്ടാണ്, അല്ലാതെ മറിച്ചല്ല.

**സ്ത്രീ പുരുഷന്നു വേണ്ടിയാണ്, അല്ലാതെ സ്ത്രിക്കു വേണ്ടിയല്ല** പുരുഷനെ സൃഷ്ടിച്ചത്. ദൈവം പുരുഷനെയും സ്ത്രീയെയും ഉടനടിയയല്ല സൃഷ്ടിച്ചത്, സ്ത്രീയെ ആദ്യവും സൃഷ്ടിച്ചില്ല. പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതാണ് ദൈവത്തിന്റെ സൃഷ്ടിക്രമം. അക്കാരണത്താൽ, സ്ത്രീകളും പുരുഷന്മാരും ആരാധനക്ക് പരസ്യമായി കൂടി വരുമ്പോൾ, സാമൂഹ്യാചാര വ്യത്യാസം പാലിക്കണം. പുരുഷൻ തല മൂടുകയോ (11:7) സ്ത്രീ തല മൂടാതിരിക്കുകയോ (11:6) ചെയ്യരുത്.

**വാക്യം 10**. പൗലൊസ്, **അതുകൊണ്ട്** (διά τοῦτο, *ഡയാ ടൗടോ*, എന്നു പറഞ്ഞപ്പോൾ അക്ഷരികമായി, "ആ കാരണത്താൽ ...") എന്നാണ്. ഉൽപത്തിയിൽ നിന്നുള്ള ക്രമം എടുക്കുമ്പോഴും പുരുഷന്ന് സത്രീ കീഴ്പ്പെടണം എന്ന പോയിന്റ് വരുന്നില്ല. പ്രാർത്ഥിക്കുമ്പോഴും, പ്രവചിക്കുമ്പോഴും, പുരുഷൻ മൂടുപടം ധരിക്കാതിരിക്കയും സ്ത്രീ മൂടുപടം ധരിക്കയും വേണം എന്ന വേർതിരിവ് മാത്രമാണ് ഇവിടെ നീതീകരിക്കത്തക്കത്. പ്രാർത്ഥിക്കുമ്പോഴും പ്രവചിക്കുമ്പോഴും തല മൂടുന്നതുമായി ബന്ധപ്പെട്ടു **ഇവിടെ** മാത്രമാണ് അപ്പൊസ്തലൻ "അധികാരം" (ἐξουσία, *എക്സൗസിയ*) എന്ന വാക്ക് ഉപയോഗിക്കുന്നുള്ളു. എൻഏഎസ്ബി പറയുന്നു, **സ്ത്രീക്ക് അവളുടെ തലയിൽ അധികാരലക്ഷണമുണ്ട്**. "സിംബൽ ഓഫ്" എന്ന് എൻഏഎസ്ബിയിൽ ചരിച്ച് കൊടുത്തിരിക്കുന്നത് കാണാതെ പോകരുത്. 1984 എൻഐവിയിൽ "അധികാരത്തിന്റെ അടയാളം" എന്നും, ആർഎസ്വിയയുടെ ഗ്രീക്കിൽ, "... സ്ത്രീയുടെ തലയിൽ മൂടുപടം ധരിക്കേണം" എന്നുമാണ്.

"അധികാരത്തിന്റെ" അടയാളം എന്ന ഈ വേദഭാഗം മനസിലാക്കുവാൻ, "പുരുഷന്റെ അധികാരം" തിരിച്ചറിയുക എന്നതാണ്. മൂടുപടം ഇട്ട് പ്രാർത്ഥിക്കുവാനും പ്രവചിക്കുവാനും അവൾ ആരുടെ അധികാരത്തിൻ കീഴിലാണ് എന്ന് അറിയണം. സൃഷ്ടിയുടെ ക്രമത്തിൽ പുരുഷന്റെ കാര്യം പൗലൊസ് പറയുമ്പോൾ (11:8, 9), തുടർന്നുള്ള വാക്യങ്ങളിൽ "അധികാരത്തെ" ഓർമ്മിപ്പിക്കുമ്പോൾ (11:11, 12), അത് ആദ്യത്തെ വ്യാഖ്യാനത്തെ പിന്തുണക്കുന്നു.

"അതുകൊണ്ട്, സ്ത്രിക്ക് അവളുടെ [സ്വന്ത] തലമേൽ അധികാരമുണ്ട് എന്നു വായിക്കുമ്പോൾ," ഇതുവരെ പറഞ്ഞ പോയിന്റിൽനിന്നു വ്യത്യസ്തമായ ഒന്നിലേക്ക് മാറുന്നു. തല മൂടുന്നത് പുരുഷന്റെ മുൻഗണനാ ക്രമമായിട്ടാണ് ഇതുവരെയും പറഞ്ഞതെങ്കിൽ, സ്ത്രീയുടെ സ്ഥാനം ഇവിടെ ഉറപ്പിക്കുന്നതായി സൂചിപ്പിക്കുന്നു. വിശദീകരണം കൂടാതെയുള്ള അത്തരം ഒരു മാറ്റം സാധാരണ പ്രതീക്ഷിക്കാവുന്നതല്ല.

അപ്പൊസ്തലൻ 11:10 ൽ ഉപയോഗിച്ച "അധികാരം" എന്ന വാക്ക് അസാധാരണമാണ്. സാധാരണ, "അധികാരം" എന്ന വാക്ക് ആക്ടിവ് സെൻസിലാണ് ഉപയോഗിക്കുന്നത്, ശരിയായി പ്രവർത്തിക്കുവാനുള്ളത് എന്നർത്ഥം. വാക്യം 10 മുൻപുള്ള രണ്ട് വാക്യങ്ങളും അതിനു ശേഷം വരുന്ന രണ്ട് വാക്യങ്ങളും തമ്മിൽ ബന്ധമുണ്ടെങ്കിൽ, സ്ത്രീക്ക് അവളുടെ സ്വന്ത തലമേൽ "അധികാരം" വരുന്നത് എങ്ങനെ എന്നു മനസിലാക്കുക പ്രയാസമാണ്. സൃഷ്ടിയുടെ മുൻഗണനാക്രമത്തെയാണ്, അല്ലാതെ "അധികാരത്തെ" അല്ല അവിടെ പറയുന്നത്. പൗലൊസിനും അവന്റെ അന്നത്തെ വായനക്കാർക്കു മനസിലാകുന്നതുപോലെ ആധുനിക കാലത്ത് തുല്യത ആവശ്യപ്പെടുന്ന തലമുറക്ക് മനസിലാകണമെന്നില്ല.

സന്ദർഭം അനുസരിച്ചുവേണം കാര്യങ്ങൾ ശരിയായി തിരിച്ചറുയുവാൻ മിക്ക തർജിമക്കാരും എൻഏഎസ്ബിയിലേതു പോലെ ചിലത് കാണും,

"... സ്ത്രിക്ക് അവളുടെ തലമേൽ അധികാര അടയാളമുണ്ട്." പുരുഷന്ന് എന്ത് "അധികാരം" ആണ് സ്ത്രിയുടെമേൽ ഉള്ളത് എന്ന ചിന്തയല്ല പൗലൊസിന് ഉള്ളത്. ധാർമ്മികമായി സ്ത്രീകളേക്കാൾ പുരുഷന്മാർ ഉയർന്നവർ ആണെന്ന് പൗലൊസ് പറയുന്നില്ല. അസാധാരണമായി സ്ത്രീകളിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നതിനെ കുറിച്ചായിരുന്നു അപ്പൊസ്തലൻ വ്യക്തമാക്കിയത്. അതുകൊണ്ട്, അവർ പ്രാർത്ഥിക്കയും പ്രവചിക്കയും ചെയ്യുമായിരുന്നു. അപ്പോഴും സത്രീപുരുഷന്മാർ തമ്മിലുള്ള വ്യത്യാസം കാണിക്കുവാൻ സാമൂഹികാചാരമായ മൂടുപടം ധരിച്ചിരുന്നു.

**ദൂതന്മാർ നിമിത്തം** എന്നു പൗലൊസ് കൂട്ടിച്ചേർത്തപ്പോൾ, സഭയുടെ ആരാധന പരിശോധിക്കുന്ന ദൈവത്തിന്റെ സന്ദേശവാഹകരെയാണ് ഉദ്ദേശിച്ചത് എന്നു വ്യക്തം. അതിൽ കൂടുതൽ പ്രത്യകത അതിൽ കണ്ടെത്തുക അസാധ്യമാണ്. പൗലൊസ് ഇടക്ക് അശുദ്ധാത്മാക്കളെ കുറിച്ച് പറയുന്നുണ്ടെങ്കിലും, അവയെ "ദൂതന്മാർ" എന്നു സംബോധന ചെയ്തിട്ടില്ല. ചിലപ്പോൾ ദുഷ്ടാത്മാക്കളെ "സാത്താന്റെ ദൂതൻ" എന്നു പറയുന്നു (2 കൊ. 12:7). വ്യംഗ്യാർത്ഥത്തിൽ "ദൂതന്മാരെ ആരാധിക്കൽ" (കൊലൊ. 2:18) എന്ന പ്രയോഗം നടത്തിയിരിക്കുന്നു. സന്ദർഭം മറിച്ച് പറയുന്നില്ലെങ്കിൽ, "ദൂതന്മാർ" ദൈവം ഗുണകരമായി ഉപയോഗിക്കുന്ന ഏജന്റായി (കാണാം 1 കൊ. 4:9; 6:3).

**വാക്യം 11.** പുരുഷന്റെ മുൻഗണനാ ക്രമം എടുത്ത് പുരുഷനും സ്ത്രീക്കും ഒരേ ആത്മിയ നിലവാരമല്ല ഉള്ളത് എന്നു ചിലർ വാദിച്ചേക്കാം. എന്നാൽ പൗലൊസ് അത് തള്ളിക്കളഞ്ഞിരിക്കുന്നു. സ്ത്രീയും പുരുഷനും പരസ്പരം യോജിച്ച് കർത്താവിനെ മഹത്വപ്പെടുത്തുന്നു. **കർത്താവിൽ സ്ത്രീയെ കൂടാതെ പുരുഷനും, പുരുഷനെ കൂടാതെ സ്ത്രീയും ഇല്ല** എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. രണ്ട് പേരും പാപം ചെയ്ത് നഷ്ടപ്പെട്ടു, രണ്ട് പേരും കൃപയാൽ രക്ഷിക്കപ്പെടുന്നു. ക്രിസ്ത്യാനികൾ സാമൂഹികാചാരം ബഹുമാനിക്കുന്നു എന്നു പൗലൊസ് പറഞ്ഞു. ഒരു പുരുഷനും ഭാര്യയെയും മക്കളെയും ഭരിക്കുന്നതിനെ കുറിച്ചല്ല അപ്പൊസ്തലൻ പറയുന്നത്.

**വാക്യം 12.** ആരംഭത്തിൽ, സ്ത്രീ പുരുഷനിൽനിന്നു വന്നു; എന്നാൽ സ്വാഭാവിക ജനനത്താൽ **സ്ത്രീ മുഖാന്തരം പുരുഷൻ** ലോകത്തിലേക്ക് വരുന്നു. അവരിൽ ആരും മറ്റൊരാളേക്കാൾ കുറഞ്ഞ വ്യക്തിയല്ല. ഗാർലന്റ് ഇപ്രകാരം പറഞ്ഞു, 12:21 ൽ പറഞ്ഞിരിക്കുന്നതുപോലെ "സ്ത്രീയും പുരുഷനും പരസ്പരം യോജിച്ചാണ് അന്യോന്യം ആശ്രയിച്ച് പ്രവർത്തിക്കുന്നത്." "കണ്ണിനു കയ്യോട് നിന്നെ കൊണ്ട് എനിക്ക് ആവശ്യമില്ല എന്നു പറയുവാൻ കഴിയുകയില്ല."[15]

**വാക്യം 13.** പൗലൊസ് പറഞ്ഞ സാമൂഹികാചാരത്തെ കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ സ്വയം മനസിലാക്കണമായിരുന്നു (10:15 നോക്കുക). സ്തീകൾ പ്രാർത്ഥിക്കുമ്പോൾ, തങ്ങളുടെ തല ''മൂടാതിരിക്കരുത്'' (ἀκατακάλυπτον, *അകാലകലുപ്ടൻ*) എന്നതായിരുന്നു കൊരിന്ത്യൻ സമൂഹത്തിന്റെ ആചാരം. സഹോദരന്മാർക്ക് അവരെ വിധിക്കാമായിരുന്നു: ഉദാഹരണത്തിന്, സ്ത്രീകൾ മുടുപടം ധരിക്കുന്നതു-സംബന്ധിച്ച്.

പുരുഷന്മാരുടെ സാന്നിധ്യമില്ലാതെ, സ്ത്രീകൾ മാത്രം ആരാധിക്കുവാനായി കൂടി വരുന്ന സാഹചര്യമാണ് പൗലൊസിന്റെ മനസിൽ ഉണ്ടായിരുന്നതെങ്കിൽ പിന്നെ തല മൂടുന്ന വിഷയമേ വരുന്നില്ലല്ലൊ എന്നു പറഞ്ഞേക്കാം. എന്നാൽ പുരുഷന്മാരും സ്ത്രീകളും ചേർന്നുള്ള പരസ്യമായ ആരാധനയിൽ

സ്ത്രീകൾ തല മൂടാതിരിക്കുന്നത്, തലയെ അപമാനിക്കലാണ്, കാരണം അവൾ സാമൂഹ്യാചാരത്തെ ലംഘിക്കുകയാണ്.

സ്ത്രീ മൂടുപടം ഇടാതെ പ്രാർത്ഥിക്കുന്നത് യോഗ്യമോ? എന്നായിരുന്നു പൗലൊസിന്റെ ചോദ്യം തല മൂടുന്ന ആചാരം നിലനിന്നിരുന്നു. പുരുഷന്മാരും സ്ത്രീകളും ഒരുമിച്ച് പരസ്യമായി ആരാധിക്കുമ്പോൾ, കുറച്ച് അകലം പാലിക്കണമെന്നത് തികച്ചും യോഗ്യമായ പെരുമാറ്റമാണ്. പൗലൊസ് നിരത്തിയ നിർദ്ദേശങ്ങൾ എല്ലാം സ്ത്രീകൾക്കു മാത്രമുള്ളതായിരുന്നില്ല. പുരുഷന്മാർ പ്രാർത്ഥിക്കയും പ്രവചിക്കയും ചെയ്യുമ്പോൾ, മൂടുപടം ധരിക്കരുത്.

**വാക്യം 14, 15.** പുരുഷൻ മുടി നീട്ടിയാൽ അത് അപമാനം എന്നു **പ്രകൃതി തന്നെ പഠിപ്പിക്കുന്നത്** എങ്ങനെ? തീർച്ചയായും സ്ത്രീകളുടെ മുടി വളരുന്നതുപോലെ പുരുഷന്മാരുടേതും വളരും. പ്രകൃതി പഠിപ്പിക്കുന്നത് പൗലൊസ് മനസിലാക്കിയത് പാരമ്പര്യത്തിൽ കൂടെയാണ്. പൊതുവായി അംഗികരിക്കപ്പെട്ട കാര്യം സഭ്യമാണെന്ന് ധൈര്യമായി പറയാം (11:13), നേരെ മറിച്ച് അധാർമ്മിക കാര്യങ്ങൾ പൊതുവിൽ സ്വീകാര്യമല്ല എന്നു നമുക്ക് അറിയാം. ഉദാഹരണമായി, റോമർ 1:26 ൽ സ്ത്രീകൾ സ്വാഭാവിക ഭോഗം വിട്ട് പ്രകൃതി വിരുദ്ധ ഭോഗങ്ങളിൽ ഏർപ്പെട്ടിരുന്നതായി പറയുന്നു. ദുർന്നടപ്പ് "അധാർമ്മികതയാണെന്ന് "പ്രകൃതി" നമ്മെ പഠിപ്പിക്കുന്നു. കൊരിന്തിലെ അന്നത്തെ സാമൂഹികാചാരമനുസരിച്ച് പുരുഷൻ മുടി നീട്ടുന്നത് ലജ്ജാകരമായിരുന്നു. അന്നത്തെ ആചാരമനുസരിച്ച് പുരുഷന്മാർ തലമൂടി പ്രാർത്ഥിക്കയും പ്രവചിക്കയും ചെയ്യുന്നത് തെറ്റായിരുന്നു. അവിടത്തെ പ്രശ്നം പുരുഷന്മാരുടേയും സ്ത്രീകളുടേയും മുടിയുടെ നീളം ആയരുന്നില്ല. മറിച്ച് സ്ത്രീകളുടെ തല മൂടുന്നതിനെ കുറിച്ചുള്ള ചർച്ചയിൽ ചിത്രീകരണത്തിനായി അപ്പൊസ്തലൻ ഉപയോഗിച്ചതാണ്.

**പുരുഷൻ മുടി നീട്ടിയാൽ അത് അവന് അപമാനമാണെന്ന** ചിന്ത ചരിത്ര പ്രാധാന്യമുള്ള വസ്തുതയാണ്. സ്പർതൻ പടയാളികൾ മുടി നീട്ടിയിരുന്നതായി പറയപ്പെടുന്നു. പുരാതന സമ്പ്രദായത്തിനെതിരായിരുന്നു അവരുടെ ആചാരം.[16] ഗ്രീക്കുകാരും റോമാക്കാരും ആയ പുരുഷന്മാർ മുടി വളരെ കുറച്ചു മാത്രമെ നീട്ടിയിരുന്നുള്ള; അതേ സമയം അവരുടെ സ്ത്രീകൾ മുടി നീട്ടി വളർത്തിയിരുന്നു. കൊരിന്ത്യയിലെ സ്ത്രീ പുരുഷന്മാർ പരസ്യമായി പ്രാർത്ഥിക്കുമ്പോൾ, തല മൂടുന്നതിനെ കുറിച്ച് ചർച്ച ചെയ്താണ് പൗലൊസ് സംസാരിക്കുന്നത്. സ്ത്രീ മുടി നീട്ടിയാൽ അത് മൂടുപടത്തിന് പകരം നൽകിയിരിക്കുന്നു എന്നാണ് അപ്പൊസ്തലൻ കൂട്ടിച്ചേർത്തത് (11:15). പുരുഷന്റേയും സ്ത്രീയുടേയും മുടിയുടെ നീളത്തെയല്ല അപ്പൊസ്തലൻ കാര്യമാക്കുന്നത്.

**വാക്യം 16.** കൊരിന്ത്യരെ പുകഴ്ത്തിക്കൊണ്ടാണ് അപ്പൊസ്തലൻ പരസ്യാരാധനയിൽ തല മൂടുന്നതിനെ കുറിച്ചുള്ള ചർച്ച ആരംഭിച്ചത് (11:2). സഭ പൗലൊസ് നൽകിയ നിർദ്ദേശമനുസരിച്ച് പരിശീലിക്കണമായിരുന്നു. പുരുഷന്മാർ തങ്ങളുടെ തല മൂടാതെ പ്രാർത്ഥിച്ചിരുന്നത് അലോസരപ്പെടുത്തുകയും ചോദ്യങ്ങൾ ഉയരുകയും ചെയ്തു. റോമൻ ദേവന്മാരെ പ്രസാദിപ്പിക്കുവാൻ പുരുഷന്മാർ അവരുടെ തല മൂടിയിരുന്ന പതിവാണ് അവർ തുടർന്നത്. പുരുഷന്മാർക്ക് പ്രാർത്ഥിക്കുമ്പോൾ തല മൂടേണ്ട ആവശ്യമില്ലെങ്കിൽ, തങ്ങൾക്കും തല മൂടേണ്ട ആവശ്യമില്ല എന്നു കരുതിയിരിക്കാം. പൗലൊസിന്റെ വാക്കുകളനുസരിച്ച്, സഭയുടെ സമ്പ്രായത്തിൽ, അവർ മുൻപ് ചെയ്തിരുന്നതു തുടരാമെന്നാണ്.

അപ്പൊസ്തലൻ ഒരു കാര്യം കൂടെ പറഞ്ഞു. കൊരിന്ത്യ സഭക്കുള്ളിൽ സമാധാനം പുലർത്തണം. ആരെങ്കിലും, പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള വ്യത്യാസം ആരാധനയിൽ പ്രകടിപ്പിക്കുന്നില്ലെങ്കിൽ, അയാൾ സർവ്വ സഭകളിലും അപ്പൊസ്തലന്മാർ ഉപദേശിച്ചതിന് വിരുദ്ധമായിട്ടാണ് പ്രവർത്തിക്കുന്നത് എന്നാണ് പറഞ്ഞത്. തങ്ങൾക്ക് ചുറ്റുമുള്ള വലിയ സമൂഹത്തിൽ, വ്യക്തികളായ ഓരോ ക്രിസ്ത്യാനിയും, ഓരോ പ്രാദേശിക ഇടവകയും ആത്മിയ ജീവിതം ഉറപ്പിക്കേണ്ടതാണ്. പോരാടുന്ന (φιλόνεικος, *ഫിലേനെയികോസ്*) സ്വഭാവം എല്ലായിടത്തുമുള്ള **ദൈവ സഭകൾ** പാലിക്കുവാനുള്ള പരിശീലനമാണ് തല മൂടുന്നതിനെ കുറിച്ച് പൗലൊസ് 11:16 ൽ ഓർമ്മിപ്പിച്ചത്.കൊരിന്ത്യ സഭയിലുള്ള വ്യക്തികളോ അല്ലെങ്കിൽ മറ്റു ഇടകകളിലെ വ്യക്തികളോ അധികാരപ്പെടുത്തിയ പരിശീലനത്തിനെതിരായി പ്രവർത്തിക്കുവാൻ പാടില്ല (7:17 നോക്കുക).

കൊരിന്ത്യയിൽ, തല മൂടുന്നത് സാമൂഹ്യമായ ആചാരമാണ്, അത് സഭ കൂടിവരുമ്പോൾ സ്ത്രീപുരുഷന്മാരുടെ ബന്ധത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. എങ്ങനെയായാലും, കൊരിന്ത്യ സഭയിൽ മറ്റു കാര്യങ്ങളിലും അതുല്യത നിലനിന്നിരുന്നു. സഭയിൽ ചിലർ ദരിദ്രരും, മറ്റുള്ളവർ ധനികരും ആയിരുന്നു; ചിലർ യെഹൂദരും, മറ്റുള്ളവർ റോമാക്കാർ അല്ലെങ്കിൽ ഗ്രീക്കുകാരും ആയിരുന്നു ക്രിസ്ത്യാനികൾ കൂടി വരുമ്പോൾ, ധനികർ സാമൂഹികാചാരങ്ങൾ തുടരുവാനുള്ള പ്രതിപത്തി പുലർത്തിയിരുന്നു.

സഭ കൂടി വരുമ്പോൾ, കൂട്ടായ്മ ഭക്ഷണം പങ്കിടുന്നതിലും, അവരുടെ നിലവാര വ്യത്യാസം പ്രകടമായിരുന്നു. ക്രിസ്തുവിൽ, യെഹൂദനോ, യവനനോ "ഗ്രീക്ക്", പാവപ്പെട്ടവനോ, പണക്കാരനോ തമ്മിൽ വ്യത്യാസം ഇല്ല (ഗലാ 3:28). ക്രിസ്തുവിലുള്ള ഐകമത്യത്തെയും, സാമൂഹ്യബന്ധത്തെയും സൂചിപ്പിക്കുന്നതാണ് ഭക്ഷണം പൊതുവായി വിതരണം ചെയ്യുന്നത്, ഉയർന്ന നിലവാരത്തിലുള്ളവർക്ക് താഴ്ന്ന നിലവാരത്തിലുള്ളവരുമായി സമ്പർക്കം പുലർത്തുവാൻ മടിയായിരുന്നു. പാവപ്പെട്ടവർക്ക് താങ്ങുവാൻ പറ്റാത്ത ആഡംബര ഭക്ഷണമായിരുന്നു ധനികരുടേത്. പൗലൊസ് ആ പ്രശ്നം പരിഹരിക്കുവാൻ നിർദ്ദേശിച്ചു. ഗാർലന്റ് അഭിപ്രായപ്പെട്ടു,

> ക്രൂശിന്റെ ജ്ഞാനവുമായി ഏറ്റുമുട്ടുന്ന റോമാക്കാരുടെ ആചാരം സഭയിൽ അടിച്ചേൽപിക്കുവാൻ ശ്രമിച്ചതായിരുന്നു കൊരിന്ത്യ സഭയിലെ ഒരു പ്രശ്നം .... പൗലൊസ് ഒരു കാര്യം ഉദ്ദേശിച്ചു: "മറ്റുള്ളവർക്ക് വേണ്ടി സ്നേഹിക്കുന്ന യാഗമായി തീരുന്ന സംവിധാനമാണ് സഭയിൽ, അല്ലാതെ ഗ്രീക്ക്-റോമാ ലോകത്തിലെ അസന്തുലിതമായ ഒരു അവസ്ഥ അല്ല."[17]

സഭ കൂടി വരുമ്പോൾ, വിയോജിപ്പും ഭിന്നതയും സംഭവിച്ചാലോ, അത് ഒഴിവാക്കുവാനായി, പൗലൊസ് അവരെ പുകഴ്ത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

## ഭിന്നതയുടെ ലജ്ജ (11:17-22)

**17ഇനി ആജ്ഞാപിപ്പാൻ പോകുന്നതിൽ ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല; നിങ്ങൾ കൂടി വരുന്നതിനാൽ നന്മക്കല്ല തിന്മക്കത്രെ ഇടയാകുന്നത്. 18ഒന്നാ**

**മത് നിങ്ങൾ സഭകൂടുമ്പോൾ, നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടെന്ന് ഞാൻ കേൾക്കുന്നു, ഏതാനും വിശ്വസിക്കയും ചെയ്യുന്നു. [19]നിങ്ങളിൽ കൊള്ളാകുന്നവർ വെളിവാകേണ്ടതിന്ന് നിങ്ങളുടെ ഇടയിൽ ഭിന്നപക്ഷങ്ങളും ഉണ്ടാകേണ്ടത്. [20]നിങ്ങൾ കൂടി വരുമ്പോൾ കർത്താവിന്റെ അത്താഴമല്ല കഴിക്കുന്നത്. [21]ഭക്ഷണം കഴിക്കയിൽ ഓരോരുത്തൻ താന്താന്റെ അത്താഴം മുമ്പെ കഴിക്കുന്നു. അങ്ങനെ ഒരുവൻ വിശന്നും മറ്റൊരുവൻ ലഹരിപിടിച്ചും ഇരിക്കുന്നു. [22]തിന്നുവാനും കുടിപ്പാനും നിങ്ങൾക്ക് വീടുകൾ ഇല്ലയോ? അല്ല, ദൈവത്തിന്റെ സഭയെ നിങ്ങൾ തുച്ഛീകരിച്ചു ഇല്ലാത്തവരെ ലജ്ജിപ്പിക്കുന്നുവോ? നിങ്ങളോട് എന്തു പറയേണ്ടു? നിങ്ങളെ പുകഴ്ത്തുകയോ? ഇതിൽ ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല,**

**വാക്യം 17.** ഈ വാക്യത്തിന്റെ ആരംഭത്തിൽ, **എന്നാൽ** എന്ന വാക്ക് (δέ, ദേ) എതിരായ അഭിപ്രായത്തെയാണ് സൂചിപ്പിക്കുന്നത്. തല മൂടുന്നതിനെ കുറിച്ചുള്ള ചർച്ച പൗലൊസ് അവസാനിപ്പിച്ചതിനാൽ, വായനക്കാരൻ ശക്തമായ വാക്ക് പ്രതീക്ഷിച്ചേക്കാം. തല മൂടുന്നതും ഭക്ഷണം പങ്കിടുന്നതും പരസ്പരം ബന്ധപ്പെട്ടിരിക്കുകയാണ്, കാരണം രണ്ടും സഭ കൂടി വരുമ്പോൾ സംഭവിക്കുന്നതാണ്. ("നിങ്ങൾ കൂടി വരുമ്പോൾ [συνέρχεσθε, *സുനെർകെസ്തേ*]") ഇനി പറയുന്നതിൽ അവൻ അവരെ പുകഴ്ത്തുന്നില്ല എന്നാണ് പറഞ്ഞത്, കാരണം സഭ കൂടി വരുന്നത് നന്മക്കല്ല തിന്മക്കത്രെ ഇടയാകുന്നത്. സഭ കൂടി വന്നപ്പോൾ (συνέρχεσθε, *സുനെർകെസ്തെ*, **ഒരുമിച്ചു കൂടൽ) സഭ കൂടി വന്നത് നന്മെക്കല്ല തിന്മെക്കത്രെ**. പൗലൊസിന്റെ ലേഖനങ്ങളിൽ, ഈ ക്രിയ വരുന്നത് 1 കൊരിന്ത്യ ലേഖനത്തിൽ മാത്രമാണ്: സഭ പൊതുവായി ഭക്ഷണം കഴിക്കുന്നതിനെ കുറിച്ച് നാല് പ്രാവശ്യവും (11:17, 20, 33, 34) രണ്ട് പ്രാവശ്യം അന്യഭാഷ ഉപയോഗിക്കുന്നതിനെ കുറിച്ചും ദുരുപയോഗിക്കുന്നതിനെ കുറിച്ചും സംസാരിക്കുമ്പോഴുമാണ് (14:23, 26). അതിനു പുറമെ, പൗലൊസ് ആ പ്രയോഗം ἐν ἐκκλησίᾳ (*എൻ എക്ലേസിയ* അക്ഷരികമായി, "സഭയിൽ") പ്രത്യേകമായി ഉപയോഗിച്ചിരിക്കുന്നത് 1 കൊരിന്ത്യ ലേഖനം (11:18; 14:19, 28, 35), അവിടെ, "സഭായോഗത്തിൽ" എന്നാണ് അർത്ഥം. ഓരോ പ്രാദേശിക ഇടവകയുടേയും കൂടിവരവിനെ കുറിച്ചു പറയുന്ന വേദഭാഗം (പ്രവൃത്തികൾ 20:7 ലേതുപോലെ) വേറെയുമുണ്ട്. എന്നാൽ സഭ കൂടിവരുന്നതിന്റെ വിശദാംശങ്ങൾ അധികമില്ല.

വിഗ്രഹത്തിനു മുൻപിൽ മാംസം അർപ്പിക്കുന്നതിനെ കുറിച്ച് പറയുമ്പോൾ, അപ്പൊസ്തലൻ കർത്തൃമേശയെ കുറിച്ച് പറഞ്ഞിരുന്നു (10:16–22). രണ്ട് സന്ദർഭങ്ങളിലും കർത്തൃമേശ പ്രാഥമിക വിഷയമായി പറയുന്നില്ല. ഭക്ഷണം കഴിക്കുന്നതിനിടയിൽ വിഗ്രഹത്തിന്റെ മുൻപിൽ വെച്ച മാംസം വിതരണം ചെയ്യുന്നതിനെ കുറിച്ച് അപ്പൊസ്തലൻ അദ്ധ്യായം 10 ൽ വിശദമാക്കി. വായനക്കാർ വിതരണം ചെയ്യുന്ന നിസ്വാർത്ഥത വെളിപ്പെടുത്തുന്ന അപ്പവും വീഞ്ഞും യേശു സ്ഥാപിച്ച മേശയിൽനിന്നു ഭക്ഷിക്കുന്നതിനെ കുറിച്ചാണ് അദ്ധ്യായം 11 ൽ അപ്പൊസ്തലൻ വിവരിക്കുന്നത്.

കൊരിന്ത്യ സഭയിൽ കർത്തൃമേശെയിൽനിന്നു പങ്കിട്ടതും, പൊതുവായി ഭക്ഷണം വിതരണം ചെയ്തതും യോജിപ്പ് അല്ല ഭിന്നിപ്പാണ് വരുത്തിയത്.

**വാക്യങ്ങൾ 18, 19.** കൂടി വരുമ്പോൾ എന്ന ക്രിയ ആവർത്തിച്ച് പൗലൊസ്, മുമ്പത്തേതിനേക്കാൾ കൂടുതൽ വ്യക്തമായി **സഭ** കൂടി വരുന്നത്, സത്യ

ത്തിലും ആത്മാവിലും നമസ്ക്കരിക്കുന്നത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലാണ് (പ്രവൃ. 20:7; 1 കൊ. 16:2). യേശുവിനെ അടക്കിയ കല്ലറ ശൂന്യമായി ശിഷ്യന്മാർ കണ്ടതും ആ ദിവസമായിരുന്നു (മത്താ. 28:1; മർ. 16:2; ലൂക്കൊ. 24:1; യോഹ. 20:1).

പുതിയ നിയമത്തിൽ, "കർത്താവിന്റെ നാൾ" (2 തെസ്സ. 2:2; 2 പത്രൊ. 3:10; 1 കൊ. 1:8) എന്നു പറയുന്നതും "കർത്തൃദിവസം" എന്നു പറയുന്നതും രണ്ടും രണ്ടാണ് (വെളി 1:10). ഗ്രീക്ക് പ്രയോഗങ്ങളും വ്യത്യസ്തമാണ്. മുൻപ് പ്രയോഗിച്ചത് (ἡ ἡμέρα τοῦ κυρίου, *ഹെ ഹംമേരാ കുരിയൗ*) എടുത്തിരിക്കുന്നത് പഴയനിയമ പ്രവചനങ്ങളിൽ നിന്നാണ്. അത് ന്യായവിധിക്കായി യേശു മടങ്ങി വരുന്ന ലോകാവസാനത്തെയാണ് സൂചിപ്പിക്കുന്നത് (എബ്രാ. 9:28; 2 കൊ. 5:10 നോക്കുക). നേരെ മറിച്ച്, "കർത്തൃദിവസം" എന്നു പറയുന്നത് (ἡ κυριακὴ ἡμέρα, *ഹെ കുരിയാകെ ഹെമേരാ*) ക്രിസ്ത്യാനികൾ കൂടി വരുന്ന ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ ആണ്. ഈ പ്രയോഗം വെളിപ്പാടു 1:10 ലും കാണാം. അതേ അഡ്ജക്ടിവ് "കർത്താവിന്റെ" (κυριακός, *കുരിയാകോസ്*), മേശയെ കുറിച്ച് 1 കൊരിന്ത്യർ 11:20 ൽ പറയുന്നു.

ചില ഉപദേഷ്ടാക്കന്മാരോട് ചായ്‌വ് കാണിച്ച്, ഭിന്നതയുളവാക്കിയ സഹോദരന്മാരെ ശാസിച്ചുകൊണ്ടാണ് പൗലൊസ് ലേഖനം എഴുതിയത്. പൗലൊസിന്റേയും അപ്പല്ലോസിന്റേയും പേരിൽ ഭിന്നത ഉടലെടുത്തിരുന്നു (1:10–15). ആളുകളുടെ ക്ലാസ്-തിരിച്ച് മറ്റു ഭിന്നതകളും ഉയർന്നിരുന്നു. അത് പല രീതിയിലാണ് കാണപ്പെട്ടത്, വിശേഷിച്ച് സഹോദരന്മാർ ഒരുമിച്ച് ഭക്ഷണത്തിന് കൂടി വന്നപ്പോൾ അത് പ്രകടമായിരുന്നു.

പങ്കിടുവാൻ മടിച്ച ക്രിസ്ത്യാനികളുടെ സ്വാർത്ഥതക്കപ്പുറമായിരുന്നു എന്നു തെളിയിക്കുന്നതാണ് ഭിന്നതക്കെതിരായി പൗലൊസ് 11:17–22 ൽ പ്രസ്താവിച്ചത് എന്നാണ് ജെർഡ് തെയിസൻ അഭിപ്രായപ്പെട്ടത്.[18] ക്രിസ്ത്യാനികൾ കൂടി വരുന്നതിനു സ്ഥലം ഒരുക്കി കൊടുത്തവരും മറ്റു സൗകര്യങ്ങൾ ചെയ്തു കൊടുത്തവരുമുണ്ടായിരുന്നു. സഭയിൽ ഭക്ഷണത്തിനിരിക്കുമ്പോൾ ഉയർന്ന-ക്ലാസിലുള്ളവർ താഴ്ന്ന-ക്ലാസിലുള്ളവരിൽനിന്നും അകന്നാണ് ഇരുന്നത്. തങ്ങളുടെ ഇഷ്ടപ്രകാരമാണ് അവർ ഭക്ഷണം കഴിച്ചിരുന്നത്. എന്നാൽ ദൈവകൃപയാൽ വീണ്ടെടുക്കപ്പെട്ടവരിൽ അത്തരം വേർതിരിവ് ആശാവഹമായിരുന്നില്ല.

പൊതുവായി ഭക്ഷണം വിതരണം ചെയ്യുന്നതുപോലെ കർത്തൃമേശ പങ്കിടുവാൻ പാടില്ലായിരുന്നു. കൊരിന്ത്യയിലെ സഹോദരന്മാർ കർത്തൃമേശക്ക് മുൻപോ അതിനു ശേഷമോ പൊതുവായി ഭക്ഷണം വിതരണം ചെയ്തിരുന്നു.[19] ഈ ഭക്ഷണം ഐക്യതക്കായി തുടങ്ങിയതാണ്, പക്ഷെ അത് പിന്നെ അനൈക്യമാണ് സൃഷ്ടിച്ചത്. ക്രിസ്തുവിന്റെ ശരീരം ഒന്ന് എന്നതിനു തുരങ്കം വെക്കുന്ന ഭിന്നതയാണ് ആ സമൂഹ ഭക്ഷണം വരുത്തി വെച്ചത്. മറ്റു ഭിന്നതകളോടൊപ്പം സഭാ കുടുംബഭക്ഷണത്തിൽ നിന്നുയർന്ന ഭിന്നിപ്പും പൗലൊസിന്റെ ചെവിയിലെത്തി. കൊരിന്ത്യയിലെ അത്തരം പരിശീലനത്തെ കുറിച്ച് **പകുതി** കേട്ടപ്പോൾ തന്നെ അത് സഹിക്കുവാൻ പറ്റാത്തതാണെന്ന് അപ്പൊസ്തലന്റെ വാക്കുകൾ സൂചിപ്പിക്കുന്നു.

1:10 ൽ പൗലൊസിന്റെ നിർദ്ദേശം നോക്കിയാൽ ക്രിസ്ത്യാനികൾക്കിടയിൽ ഉയർന്നതും താഴ്ന്നതുമായ തരം തിരിക്കൽ വ്യത്യാസം വരുത്തുന്നത് ഭിന്നതയാണ് എന്ന് അപ്പൊസ്തലൻ അസന്നിഗ്ധമായി പറഞ്ഞു. സന്ദർഭം

ശ്രദ്ധയോടെ പരിശോധിച്ചാൽ **അവർക്കിടയിൽ ഭിന്നത സംഭവിച്ചിരുന്നു** എന്നു കാണാം. 11:19 ഒറ്റ നോട്ടത്തിൽ സമീപ മനോഭാവമായി തോന്നിയേക്കാം. 11:18 ലെ ശാസനയാണ് അതിൽ അന്തർലീനമാക്കിയിരിക്കുന്നത്. ആ നിലയിൽ വായിച്ചാൽ അപ്പൊസ്തലൻ പറയുന്നത് അവർക്കുള്ളിലെ അന്തർഛിദ്രമാണ്. 1:10 ഉം 11:18 ഉം പരിഗണിച്ചാൽ, ആ സന്ദർഭത്തിൽ അപ്പൊസ്തലൻ ശാസന തള്ളിക്കളയുകയോ നീട്ടി വെക്കുകയോ ചെയ്യുന്നത് എന്തിനാണ്? 11:19 നല്ല രീതിയിൽ വായിക്കുവാൻ കഴിയും. 11:18 ന്റെ വിപുലീകരണമാണ് ആ വാക്യം. എന്ന് "ഭാഗികമായി ഞാൻ വിശ്വസിക്കുന്നു."

സമൂഹ ഭക്ഷണം സഭയിൽ വിതരണം ചെയ്തപ്പോൾ, അത് അഭക്തരായ വർക്കിടയിൽ ഭിന്നതക്ക് കാരണമായി ദൈവം സഭയെ രൂപപ്പെടുത്തിക്കൊണ്ടി രിക്കയായിരുന്നു. യേശു പഠിപ്പിച്ചതുപോലെ ആ ക്രിസ്ത്യാനികൾ ആകണ മായിരുന്നു. അങ്ങനെ **അവർ കൊള്ളാകുന്നവരായി തെളിയണമായിരുന്നു.** മുകളിൽ വ്യത്യാസം കാണപ്പെടുകയും വേണമായിരുന്നു. കൊരിന്ത്യയിലെ എല്ലാ ക്രിസ്ത്യാനികളും ഭിന്നതക്ക് ഉത്തരവാദികളായിരുന്നില്ല. ചിലരുടെ ധനം ശരിയായി പങ്കിടാതിരുന്നത് ഭിന്നതക്ക് കാരണമായി (11:27 നോക്കുക). അവർ തിന്നുകയും കുടിക്കുകയും ചെയ്തത് ഭിന്നിപ്പ് മനോഭാവവുമായിട്ടാ യിരുന്നു. അങ്ങനെ അവർ തങ്ങളിലേക്കും ക്രിസ്തുവിന്റെ ശരീരത്തിലേക്കും ദൈവത്തിന്റെ ന്യായവിധി കൊണ്ടുവന്നു (11:29). അവർ അയോഗ്യമായി തിന്നുകയും കുടിക്കുകയും ചെയ്തതിനാൽ, അവർ ശരീരത്തിന്റെ ഐക്യത യെയാണ് അപകടത്തിലാക്കിയത്. വിയോജിപ്പ് കൂടാതെ, സഭയിൽ സാമൂഹ്യ തുല്യത ഉറപ്പ് വരുത്തി അവർ ക്രിസ്തീയ ജീവിതം നയിക്കണമായിരുന്നു.

ദൈവ ഭക്തിയോ വിശുദ്ധിയോ ആവശ്യമില്ലാത്ത കമ്പനികളിലെ ജോലി ക്കാരോടുള്ള മനോഭാവത്തിൽ കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ പെരുമാ റിയതുകൊണ്ടാണ് ഭിന്നിപ്പ് ഉടലെടുത്തത്. വ്യവസായത്തിൽ സ്വാർത്ഥതയും നിഗളവുമാണ് ഉള്ളത് എന്നു നിസംശയം പറയാം. 1 മുതൽ 3 വരെയുള്ള അദ്ധ്യായങ്ങളിൽ പറയുന്ന എല്ലാ ഭിന്നതകളും ഒരേ കാരണത്താൽ സംഭവി ച്ചതല്ല. സഹോദരീ സഹോദരന്മാർക്കിടയിൽ വേർപാട് വരുത്തിയത് നിഗള ത്താലും ഉയർന്ന ചിന്താഗതിയാലുമായിരുന്നു.

**വാക്യം 20. കർത്തൃമേശ** എന്ന വാക്ക് പുതിയ നിയമത്തിൽ ഈ വാക്യ ത്തിൽ മാത്രമാണുള്ളത്. ഗ്രീക്കിൽ ഉടമസ്ഥത കാണിക്കുന്ന അപ്പൊസ്ത്രോഫി ഇല്ലാത്തതിനാൽ, ദ നെഗറ്റിവ് കെയിസ് "കർത്താവിന്റെ" ഏന്നായിരിക്കും ഒരാൾ പ്രതീക്ഷിക്കുക. τοῦ κυρίου (*ടൗ കുറിയോസ്*) അർത്ഥം, "കർത്താ വിനുള്ളത് എന്നാണ്."[20] ഈ അഡ്ജക്ടിവ് പുതിയ നിയമത്തിൽ വെളിപ്പാട് 1:10 ലാണ് കാണുന്നത്. "കർത്താവിന്റെ നാൾ" എന്നാണ് അവിടെ തർജിമ ചെയ്തിരിക്കുന്നത്. "കർത്താവിനുള്ളത്" എന്നു കാണിക്കുന്ന അഡ്ജക്ടിവ് ഉപയോഗിക്കുമ്പോൾ പൗലൊസ് ഉപയോഗിച്ച "നാൾ" എന്നതും "അത്താഴം" എന്നതും നാം പരിശോധിക്കണം. ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ ക്രിസ്ത്യാനികൾ കർത്തൃമേശ പങ്കിടുന്നതിനെ കുറിച്ചു പറയുന്നതിനാൽ അത് ക്രിസ്തുവിനുള്ളത് എന്നു സൂചിപ്പിക്കുന്നു. പൗലൊസ് ഉപയോഗിച്ച ἐπὶ τὸ αὐτὸ (*എപി ടോ ആടോ*) ഒരുമിച്ച് എന്ന വാക്ക് മിക്ക തർജിമക്കാരും വിട്ടുകളഞ്ഞിരിക്കുന്നു. അപ്പൊസ്തല പ്രവൃത്തികളിൽ ആരംഭത്തിൽ സാധാ രണ ഉപയോഗിച്ച പ്രയോഗം ആണ് ഇത് (1:15; 2:1, 44). ക്രിസ്ത്യാനിത്വത്തിന്റെ കൂട്ടായ്മയാണ് അതു കാണിക്കുന്നത്. പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്ന

കർത്താവുമായുള്ള കൂട്ടായ്മ ക്രിസ്ത്യാനികൾ ഒരുമിച്ച് കൂടുമ്പോൾ, നാം ക്രിസ്തുവിനുള്ളവർ എന്നു കാണിക്കയും, കർത്തൃദിവസത്തിൽ ർത്തൃമേശയിൽ നിന്നു പങ്കിടുകയും ചെയ്യുന്നത് അവനെ ഓർമ്മിക്കുകയാണ് (10:16; എബ്രാ 10:12 നോക്കുക). നാളും അത്താഴവും ഒന്നിച്ചു വരുമ്പോൾ അവൻ മരണത്തെ അതിജീവിച്ചത് നാം ഓർക്കുന്നു. ഏറ്റുപറച്ചലും, കൂട്ടായ്മയും, ജീവിതശൈലിയും ഒരുമിച്ചു വരുന്നു.

**വാക്യം 21.** തീർച്ചയായും, കൊരിന്ത്യയിൽ കർത്തൃമേശ വെറുമൊരു ചടങ്ങായി മാറിയിരുന്നു. കർത്തൃമേശ എടുക്കുന്നത് അത്ര വലിയ കാര്യമല്ല എന്നു,സഭയിൽ പലരും കരുതി തുടങ്ങി. ഫലത്തിൽ, പൗലൊസ് പറഞ്ഞു, "നിങ്ങളുടെ ഈ പെരുമാറ്റത്തിൽ, കർത്താവിന് ഒരു പങ്കുമില്ല, കർത്താവിന്റെ മേശ എന്നു വിളിക്കുന്ന ആ ചടങ്ങിൽ നിങ്ങൾ കർത്താവിന്ന് ഒരു മഹത്വവും കൊടുക്കുന്നില്ല."

പൗലൊസ് ചർച്ച ചെയ്യുന്നത് രണ്ട് വ്യത്യസ്ത കാര്യങ്ങളാണ്. 11:21 ൽ പൗലൊസ് കർത്തൃമേശ ആചരിക്കലിനെയും, ഓർമ്മിക്കുന്നതിനേയും, കൂട്ടാ. യ്മ ഭക്ഷണത്തെയും. നമസ്ക്കാരത്തെയും കാണുമ്പോൾ, **അവനവന്റെ അത്താഴത്തെ കുറിച്ചു മാത്രമാണ്** ഓരോരുത്തരുടേയും ചിന്ത.[21] ക്രിസ്ത്യാനികൾ സാധാരണ ഭക്ഷണം കഴിക്കുമ്പോൾ, സാമൂഹിക-സാമ്പത്തിക സ്ഥിതി നോക്കുന്നത്, കർത്താവിന്റെ ഏകശരീരം എന്നതിനെ ദുർബ്ബലപ്പെടുത്തുകയാണ്. മനോഭാവം ഉൾപ്പെട്ട വ്യത്യസ്തമായ രണ്ട് കാര്യങ്ങളെയാണ് അപ്പൊസ്തലൻ ഇവിടെ വ്യക്തമാക്കുന്നത്. അപ്പൊസ്തലൻ പറയുന്നത്, ചിലർ വിശന്നിരിക്കുകയും, മറ്റു ചിലർ ലഹരി പിടിച്ചിരിക്കയും ചെയ്യുന്നു. കർത്താവിന്റെ ഏക ശരീരത്തെ കുറിച്ച് ഒരു ചിന്തയുമില്ലാതെയായിരുന്നു അവരുടെ ഓരോ പ്രവൃത്തിയും.

"കൊരിന്ത്യ സഭയിൽ ധനികരും (താരതമ്യേന) ദരിദ്രരും (താരതമ്യേന) തമ്മിലുള്ള വിടവായിരുന്നു ഭിന്നതയുടെ ഒരു കാരണം എന്നാണ് പൗലൊസിന്റെ വിവരണത്തിൽ നിന്നു മനസിലാക്കുന്നത് എന്നാണ് വെയിൻ ഏ, മീക്സ് തീർച്ചപ്പെടുത്തിയത്."[22] ഭക്ഷണ സമയത്ത് ധനികർ ദ്രിദ്രരെ തരം താഴ്ത്തിയിരുന്നത്, അവർ തങ്ങളുടെ നിലവാരത്തിന് ഊന്നൽ കൊടുത്തിരുന്നു എന്നാണ്. ദൈവത്തിൽ വിശ്വസിക്കുന്നവർ തുല്യരാണെന്ന് വിശ്വസിക്കുന്നവരായിരുന്നു കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ, പക്ഷെ ഭക്ഷണ സമയത്ത് ധനികർ കുറച്ചുമാത്രമുള്ളവരിൽനിന്നു അകലം പാലിച്ചിരുന്നു; തങ്ങൾക്ക് ഇഷ്ടമുള്ള സമയത്ത് ഇഷ്ടമുള്ളവരുമായി ഭക്ഷണം കഴിച്ചു (11:33 നോക്കുക). അവർക്ക് സഹ ക്രിസ്ത്യാനികളെ കുറിച്ച് ഒരു ചിന്തയുമില്ലായിരുന്നു.

**വാക്യം 22.** ആ ആശയം മനസിൽ വെച്ചുകൊണ്ടാണ് ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല എന്നു പൗലൊസ് പറഞ്ഞത് (11:17). കരർത്തൃമേശ എങ്ങനെ സ്ഥാപിച്ചു എന്നു ഓർമ്മിപ്പിക്കുന്നതായിരുന്നു പൗലൊസിന്റെ പ്രസ്താവന (11:23-26). സാധാരണ ഭക്ഷണ സമയത്ത് സാമൂഹികാചാരം മറ്റുള്ളവരെ ബാധിക്കാതിരിക്കണം എന്നതായിരുന്നു അപ്പൊസ്തലന്റെ ചിന്ത. ഐക്യതയെ നിരാകരിക്കുന്നതാണ് ഭിന്നത.

## കർത്തൃമേശ (11:23-34)

പുതിയ നിയമം വായിക്കുന്നവർ ആദ്യം നാലു സുവിശേഷം വായിച്ചശേഷം, ഉപമകളെ കുറിച്ചും യേശുവിന്റെ പ്രവൃത്തികളെ കുറിച്ചും ഉള്ള രേഖകൾ

പരിശോധിക്കുവാനാണ് അവർക്ക് താൽപര്യം. എങ്ങനെയായാലും, ലേഖനങ്ങളിലും വെളിപ്പാടിലും യേശുവിന്റെ ജീവിതത്തെയും ശുശ്രൂഷയെയും കുറിച്ച് വളരെ കുറച്ചു മാത്രമാണ് പറയുന്നത്. ഊന്നൽ കൊടുത്തിരിക്കുന്നത്, അവന്റെ മരണം, ഉയർപ്പ്, മടങ്ങി വരവിനെ കുറിച്ചുള്ള വാഗ്ദാനം എന്നിവക്കാണ്. പൗലൊസ് ചിലപ്പോഴൊക്കെ യേശുക്രിസ്തുവിന്റെ പ്രസ്താവനകൾ നൽകിയിട്ടുണ്ട് (1 കൊ. 7:10; 9:14), എന്നാൽ കർത്തൃമേശയെ കുറിച്ച് താരതമ്യം ചെയ്യാവുന്ന പ്രസ്താവന അവന്റെ ലേഖനത്തിൽ മറ്റൊരിടത്തുമില്ല.

കർത്തൃമേശയിൽ, ദൈവം തന്റെ കൃപയും ശക്തിയും പ്രദർശിപ്പിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം ഓർമ്മിപ്പിക്കുന്നതാണ് അപ്പവും വീഞ്ഞും. അത് ഒരു ഓർമ്മ പുതുക്കലാണ്, എന്നാൽ അതിലുപരിയുമാണ്. അപ്പം കർത്താവിന്റെ ശരീരത്തെ ഓർമ്മിച്ച് "പങ്കിടുന്ന," "കൂട്ടായ്മയും," വീഞ്ഞ് കർത്താവിന്റെ രക്തത്തെ ഓർമ്മിച്ച് "പങ്കിടുന്ന," "കൂട്ടായ്മയുമാണ്" (10:16).

## കർത്തൃമേശ സ്ഥാപിക്കൽ (11:23-26)

**[23]ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്ക് ഏൽപിക്കയും ചെയ്തത് എന്തെന്നാൽ കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രി.യിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി. [24]ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം, എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ എന്നു പറഞ്ഞു. [25]അവ്വണ്ണം തന്നെ അത്താവം കഴിഞ്ഞ ശേഷം അവൻ പാനപാത്രവും എടുത്തു ഈ പാനപാത്രം എന്റെ രക്തത്തിൽ എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു. ഇത് കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മക്കായി ചെയ്വിൻ എന്നു പറഞ്ഞു. [26]അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു.**

**വാക്യം 23.** വിവാദത്തിനിടയിൽ, താൻ പ്രസംഗിച്ച സുവിശേഷത്തെ കുറിച്ച് പൗലൊസ് പറഞ്ഞു, "അത് ഞാൻ മനുഷ്യരോട് പ്രാപിച്ചിട്ടില്ല, പഠിച്ചിട്ടുമില്ല, യേശുക്രിസ്തുവിന്റെ വെളിപ്പാടിനാലത്രെ പ്രാപിച്ചത്" (ഗലാ. 1:12). അപ്പൊസ്തലൻ എന്ന അധികാരം തനിക്ക് മനുഷ്യരിൽനിന്നു ലഭിച്ചതല്ല,-യെരുശലേമിലെ മറ്റു അപ്പൊസ്തലന്മാരിൽ നിന്നും ലഭിച്ചതല്ല എന്ന് പൗലൊസ് പറഞ്ഞു. അതേ സമയം, തനിക്ക് മുൻപുണ്ടായിരുന്ന അപ്പൊസ്തലന്മാരിൽ നിന്നു കൈമാറി കിട്ടിയ സമ്പ്രദായങ്ങളെ അവൻ നിരാഗരിക്കുന്നുമില്ല (2:2). മാത്രമല്ല, ക്രിസ്തീയ പാരമ്പര്യത്തെ ലഘുവായി കാണുവാനും അവൻ പഠിപ്പിച്ചില്ല (2 തെസ്സ. 2:15). **കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്ക് [അവൻ] ഏൽപിക്കയും** ചെയ്യുന്നത് ... എന്നു പൗലൊസ് പറഞ്ഞപ്പോൾ, അവനു മാത്രമായി ചില വെളിപ്പാടുകൾ നൽകിയെന്ന് പൗലൊസ് പറഞ്ഞതായി ധരിക്കരുത് അവന് മുൻപ് അപ്പൊസ്തലന്മാരും പ്രവാചകന്മാരുമായവർക്ക് ലഭിച്ച വെളിപ്പാടുകൾ തന്നെയാണ് ദൈവം പൗലൊസിനും നൽകിയത്. സുവിശേഷ സംഭവങ്ങളെ നമുക്ക് ബോധ്യമാക്കി തരുവാൻ ദൈവം ഉപയോഗിച്ചത് ദൈവശ്വാസിയ പുരുഷന്മാരെയാണ്. കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ കർത്തൃമേശയെ തെറ്റായി എടുത്തിരുന്നത് തിരുത്തുവാൻ

മാത്രമല്ല അവൻ തയ്യാറായത്, കൂടുതൽ വിവരങ്ങൾ നൽകുകയായിരുന്നു. കർത്തൃമേശക്ക് ശേഷമുള്ള പൊതുവായ ഭക്ഷണം കഴിക്കുന്നതിനെ സംബന്ധിച്ചും പൗലൊസ് ചിന്തിച്ചിരുന്നു.

തന്റെ ആദ്യ സന്ദർശനത്തിൽ തന്നെ കൊരിന്തിലുള്ളവരെ എങ്ങനെ കർത്തൃമേശ എടുക്കണം എന്നു പൗലൊസ് പഠിപ്പിച്ചിരിക്കും (പ്രവൃ. 18:1–11). എവിടെയെല്ലാം അവൻ സഭ ആരംഭിച്ചുവോ, അവിടെയെല്ലാം, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ കൂടി വന്ന് ആരാധിക്കയും കർത്തൃമേശ ആചരിക്കയും ചെയ്യുന്നത് എങ്ങനെയെന്ന് തീർച്ചയായും പഠിപ്പിച്ചിരിക്കും. കർത്താവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ യേശു അപ്പം എടുത്ത് വാഴ്ത്തി ശിഷ്യന്മാർക്കു കൊടുത്തതും, അതുപോലെ പാനപാത്രം എടുത്ത് വാഴ്ത്തി ശിഷ്യന്മാർക്ക് കൊടുത്തതും ക്രിസ്ത്യാനികളായവരെയെല്ലാം ആദ്യ അപ്പൊസ്തലന്മാരും ശിഷ്യന്മാരും ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ ആചരിക്കുന്നതിനെ കുറിച്ചു പഠിപ്പിച്ചിരിക്കും.

**വാക്യങ്ങൾ 24, 25.** യേശു അപ്പം എടുത്ത് **സ്തോത്രം ചൊല്ലി** എന്ന വാക്ക് പൗലൊസും ലൂക്കൊസും മാത്രമാണ് ഉപയോഗിച്ചത് (εὐχαριστήσας, *യൂകാരിസ്ടെസാസ്*),[23] മത്തായി 26:26 ഉം മർക്കൊസ് 14:22 ഉം,സൂചിപ്പിക്കുന്നത്, അവൻ അപ്പം എടുത്ത് "അനുഗ്രഹിച്ചു" എന്നാണ്, അർത്ഥത്തിൽ വലിയ വ്യത്യാസം ഇല്ല. ഒരു ക്രിസ്ത്യാനി അപ്പം എടുത്തു വാഴ്ത്തി തന്റെ സഹ വിശ്വാസികൾക്ക് വിതരണം ചെയ്യുന്നത് കർത്താവിന്റെ ശരീരത്തിലാണ്.

ഒരു വിശ്വാസി അപ്പം ഭക്ഷിക്കുമ്പോൾ അത് അക്ഷരികമായി യേശുവിന്റെ ശരീരമായി മാറും എന്ന ഉപദേശമായ "പദാർത്ഥാന്തരീകരണം" സംഭവിക്കുമെന്നാണ് ചില മതവിഭാഗം വിശ്വസിക്കുന്നത്. നേരെ മറിച്ച്, യേശു പറഞ്ഞു, "ഇത് എന്റെ ശരീരം" അതുപോലെ മറ്റൊരു സന്ദർഭത്തിൽ, അവൻ പറഞ്ഞു, "ഞാൻ സാക്ഷാൽ മുന്തിരി വള്ളിയാകുന്നു," (യോഹ. 15:1). അപ്പം ആലങ്കാരികമായും ആത്മികമായും യേശുവിന്റെ ശരീരത്തെയും, മുന്തിരിവള്ളിയുടെ അനുഭവം യേശുവിന്റെ രക്തത്തെയുമാണ് പ്രതിനിധീകരിക്കുന്നത്.

യേശു തന്റെ ജനത്തിനുവേണ്ടി മരിച്ചു എന്നു കാണിക്കുന്നതാണ്, വിശ്വാസികൾ അപ്പത്തിൽനിന്നും വീഞ്ഞിൽനിന്നും പങ്കിടുന്നത്. അവൻ നമ്മുടെ പാപങ്ങളെ വഹിച്ചു. നാം കർത്തൃമേശ ആചരിക്കുന്നത് ഒരു കൂട്ടായ്മയാണ്. വിശ്വാസികൾ അപ്പവും വീഞ്ഞും പങ്കിടുമ്പോൾ, കർത്താവിനോടുകൂടെ ഒന്നിച്ചാണ് അത് അനുഭവിക്കുന്നത്. ഉയരത്തിൽ നിന്നു ശക്തി ലഭിച്ച് വിശ്വാസികൾ അതിൽകൂടെ വിശ്വാസം വളർന്നു പുതുക്കപ്പെടുകയാണ്. കർത്തൃമേശ ഓർമ്മ പുതുക്കലാണ്, എന്നാൽ അതിലുമുപരിയാണ്.

ആഴ്ച്ച തോറും, ഇതിൽ പങ്കിടുന്ന വിശ്വാസിയുടെ മനസ് ക്രൂശിൽ കേന്ദ്രീകരിക്കുന്നു. വർത്തമാന കാലത്തിൽ അത് ഉപയോഗിച്ചിരിക്കയാൽ, രക്ഷകന്റെ മരണത്തെ ഓർമ്മിക്കയും പ്രഖ്യാപിക്കയുമാണ് ഇതിൽ കൂടെ ചെയ്യുന്നത്. അഞ്ചാം നൂറ്റാണ്ടിൽ, അഗസ്റ്റിൻ ലാറ്റിൻ ഭാഷയിൽ എഴുതിയത് തർമിമ ചെയ്തത് ഇങ്ങനെ ആണ്, "ഞാൻ നിന്നിലേക്ക് മാറുകയല്ല, മറിച്ച് നീ എന്നിലേക്ക് മാറുകയാണ് ചെയ്യുന്നത്."[24] അദ്ദേഹത്തിന്റെ മനസിൽ മറുരൂപാന്തരീകരണം ആയിരുന്നു എന്നു സ്പഷ്ടം. വിശ്വാസികൾ കർത്തൃമേശ എടുക്കുമ്പോൾ, ദൈവം അവരുടെ ഉള്ളിലെ വിശ്വാസം ശക്തിപ്പെടുത്തുകയും, ക്രിസ്തുവിനെ പോലെ ആകുവാൻ അവരെ സഹായിക്കയും ചെയ്യുന്നു. നാം ഭൗതികമായ ആഹാരം കഴിക്കുമ്പോൾ അത് ദഹിച്ച് ശരീര

ത്തതിന് പോഷണമാകുന്നു. എന്നാൽ അപ്പവും വീഞ്ഞും കഴിക്കുന്നവരിൽ ആത്മികവും ആന്തരികവുമായ മാറ്റമാണ് സംഭവിക്കുന്നത്. യേശു ആരാണോ, അതുപോലെ ആകുന്നതിനാണ് ക്രിസ്ത്യാനികളുടെ വിശ്വാസത്തിൽ ദൈവ ശക്തി വ്യാപരിക്കുന്നത്.

കർത്തൃമേശ എടുക്കുന്നത് സംബന്ധിച്ച്, **എന്റെ ഓർമ്മക്കായി** എന്ന പൗലൊസിന്റെ പ്രയോഗത്തിൽ, ചുരുങ്ങിയത് രണ്ട് കാര്യങ്ങൾ നാം മനസിലാക്കണം. അവരെ രക്ഷിക്കുവാൻ യേശു കൊടുത്ത വിലയായിരിക്കാം കർത്താവ് ഓർക്കുവാൻ പറഞ്ഞത്. അത് അങ്ങനെയെങ്കിൽ, നന്ദി കരേറ്റുന്ന സന്ദർഭമാകുന്നു. യേശു അർത്ഥമാക്കിയതിന്റെ മറ്റൊരു സാധ്യത എന്തെന്നാൽ, "ക്രൂശിൽ" അവൻ ചെയ്ത പ്രവൃത്തി ഓർമ്മിക്കുവാനായിരിക്കാം ആവശ്യപ്പെട്ടത്. കൊരിന്ത്യർ. തെറ്റായ രീതിയിൽ കർത്തൃമേശ കൈകാര്യം ചെയ്തിരുന്നു എന്ന് സന്ദർഭം വ്യക്തമാക്കുന്നു. നമ്മെ രക്ഷിക്കുവാൻ യേശു കൊടുത്ത വില ക്രിസ്ത്യാനികൾ സ്മരിക്കണം. ഓരോ ആഴ്ച്ചയിലും നാം ക്രൂശിലെ യേശുവിന്റെ യാഗത്തെ ഓർക്കണം.

ദൈവം പുതിയ നിയമത്തിൽ തന്റെ പ്രവൃത്തിക്കായി പ്രവേശിക്കുന്നത് യേശുവിന്റെ രക്തം മുഖാന്തരമാണ്. പഴയ നിയമ വഴികളേക്കാൾ **പുതിയ നിയമ** വഴികൾ ശ്രേഷ്ഠമാണ്. പഴയ നിയമം ദൈവം മോശെ മുഖാന്തരം യിസ്രായേൽ മക്കൾക്ക് നൽകിയതായിരുന്നു. മത്തായി 26:28 ലും മർക്കൊസ് 14:24 ലും പാനപാത്രം എടുത്ത് "പുതിയ നിയമത്തിൽ എന്റെ രക്തം" എന്നാണ് പറഞ്ഞത്. ലൂക്കൊസ് 22:20 പറയുന്നു. "ഈ പാനപാത്രം നിങ്ങൾക്ക് വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ നിയമം ആകുന്നു." പൗലൊസിന്റെ ഏകദേശം സാമ്യമുള്ളതാണ്. എന്നാൽ 1 കൊരിന്ത്യർ ലേഖനത്തിൽ മാത്രമാണ്, **ഇത് കുടിക്കുമ്പോഴൊക്കെയും, എന്റെ ഓർമ്മെക്കായി ചെയ്‌വിൻ**" എന്നുള്ളത്, സംക്ഷിപ്ത സുവിശേഷങ്ങൾ പാനപാത്രം എടുത്തുകൊണ്ടല്ല പറയുന്നത്.

താൻ സ്നേഹിക്കുന്നവർക്ക് വേണ്ടി തന്റെ ശരീരത്തിലെ മുറിപ്പാടുകളിൽ നിന്നും രക്തം ഒഴുക്കിയത് ശക്തമായ ഒരു നിയമം പ്രാബല്യത്തിൽ വരുത്തുവാനായിരുന്നു. രക്തത്തിന്റെ വിശുദ്ധി പഴയ നിയമത്തിലേക്ക് ഇറങ്ങി ചെല്ലുന്നു. ദൈവം നോഹയുമായി ഒരു ഉടമ്പടി ചെയ്തപ്പോൾ അവൻ പറഞ്ഞു, "പ്രാണനായിരിക്കുന്ന രക്തത്തോടുകൂടി മാംസം ഭക്ഷിക്കരുത്" (ഉല്. 9:4). മോശെ, "യഹോവയുടെ വചനങ്ങളൊക്കെയും എഴുതി, നിയമ പുസ്തകം എടുത്തു ജനം കേൾക്കെ വായിച്ചു. യഹോവ കൽപിച്ചതൊക്കെയും ഞങ്ങൾ അനുസരിച്ചു നടക്കുമെന്ന് അവർ പറഞ്ഞു. അപ്പോൾ മോശെ രക്തം എടുത്തു ജനത്തിന്മേൽ തളിച്ചു" (പുറ. 24:4). "യഹോവ നിങ്ങളോടു ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്നു പറഞ്ഞു" (പുറ. 24:7, 8). എബ്രായ ലേഖകൻ പറഞ്ഞു, "രക്തം ചിന്തിയാലല്ലാതെ വിമോചനം ഇല്ല" (എബ്രാ. 9:22). യേശു ചിന്തിയ രക്തം അവന്റെ സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും പ്രതീകമായിരുന്നു. അത് ക്രിസ്ത്യാനികളുടെ തുടർച്ചയായ പാപമോചനം, പ്രത്യാശ, കൂട്ടായ്മ, ശക്തിപ്പെടൽ എന്നിവയുടെ അടയാളമാണ്.

ദൈവം പഴയ നിയമ കാലത്ത് ഉടമ്പടിയോടുകൂടെ തന്റെ ജനവുമായുള്ള ബന്ധം ഉറപ്പിക്കുന്നത് രക്തത്താലായിരുന്നു. എബ്രായ വാക്ക് בְּרִית (*ബ്രിറിത്*, "ഉടമ്പടി") രണ്ടോ അല്ലെങ്കിൽ മൂന്നോ വ്യക്തികൾ തമ്മിലുള്ള കരാറാണ് അത് സൂചിപ്പിക്കുന്നത്. LXX ൽ *ബ്രിറിത്* കൊടുത്തിരിക്കുന്നത് διαθήκη (*ഡയാതെകെ,* "ഉടമ്പടി") എന്നാണ്, അങ്ങനെയാണ് പുതിയ ന

ിയമത്തിൽ ആ വാക്ക് വന്നത്. ദൈവം നോഹയോടും (ഉല്. 9:9), അബ്രാഹാമിനോടും (ഉല്. 15:18), യിസ്രായേൽ ജനത്തോടും (പുറ. 34:27), ദാവീദിനോടും (2 ശമു. 23:5) പഴയ നിയമം നിലവിലിരുന്ന സമയത്ത് യിരെമ്മ്യാ പ്രവാചകൻ. "ഒരു പുതിയ നിയമം" ഹൃദയങ്ങളിൽ എഴുതും എന്ന് മുന്നറിയിച്ചിരുന്നു (യിരെ. 31:31–34; എബ്രാ 8:7–13 നോക്കുക). യേശു പാനപാത്രം എടുത്തു "ഇതു പുതിയ നിയമത്തിൽ എന്റെ രക്തം ആകുന്നു." ചരിത്രത്തിൽ ദൈവം-സ്വയം വെളിപ്പെടുത്തിയതാണ് യേശു പ്രസ്താവിച്ചത്. ക്രിസ്ത്യാനികൾ ദൈവത്തിൻെറ പുതിയനിയമത്തിലെ അവകാശികളാണെന്നും വചനം സാക്ഷ്യപ്പെടുത്തുന്നു (2 കൊ. 3:6).

**വാക്യം 26**. കർത്തൃമേശ പുറകോട്ട് നോക്കി ഓർമ്മിക്കുന്ന ക്രിസ്ത്യാനികളുടെ കൂട്ടായ്മയാണ്, കൂടാതെ, കർത്താവിന്റെ വരവിനായി മുൻപോട്ട് നോക്കുകയും ചെയ്യുന്നു. കർത്താവ് മടങ്ങി വരുന്നതു വരെ, കർത്താവിന്റെ **അത്താഴം മുഖാന്തരം, അവൻെറ മരണത്തെ പ്രഖ്യാപിക്കുന്നു**. കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്തപ്പോൾ കർത്താവ് അക്ഷരികമായി ഏറ്റ് പറഞ്ഞ് എടുക്കണം എന്നു വിചാരിച്ചിരിക്കാം. എന്നാൽ പൗലൊസ് "പ്രഖ്യാപിക്കുക" എന്നു പറഞ്ഞത് ആലങ്കാരികമായിരിക്കാം. ഇന്ന് നാം കർത്തൃമേശ എടുക്കുന്നതുപോലെ ആലങ്കാരികമായി, അവർ ക്രിസ്തുവിന്റെ ത്യാഗത്തെയും അവൻ വീണ്ടും വരുമെന്നു വിശ്വസിക്കയും ചെയ്യണമായിരുന്നു.

## കർത്തൃമേശ ആചരിക്കൽ (11:27-34)

**[27]അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകുന്നു. [28]മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്വിൻ. [29]തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്ക് ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. [30]ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു. അനേകരും നിദ്ര കൊള്ളുന്നു. [31]നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല. [32]വിധിക്കപ്പെടുന്നു എങ്കിലോ നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന്ന് കർത്താവ് നമ്മെ ബാലശിക്ഷ, കഴിക്കയാകുന്നു. [33]ആകയാൽ സഹോദരന്മാരെ, നിങ്ങൾ ഭക്ഷണം കഴിപ്പാൻ കൂടുമ്പോൾ, അന്യോന്യം കാത്തിരിപ്പിൻ. [34]വല്ലവനും വിശക്കുന്നു എങ്കിൽ നിങ്ങൾ ഒരുമിച്ച് കൂടുന്നത് ന്യായവിധിക്ക് ഹേതുവാകാതിരിക്കേണ്ടതിന്ന് അവൻ വീട്ടിൽ വെച്ച് ഭക്ഷണം കഴിക്കട്ടെ. ശേഷം കാര്യങ്ങളെ ഞാൻ വന്നിട്ടു ക്രമപ്പെടുത്തും.**

**വാക്യം 27**. ഈ വാക്യം ക്രിസ്ത്യാനികൾക്ക് ഈ വാക്യം **ഒരു കീറാമുട്ടി** തന്നെയാണ്. ചിലർ കർത്തൃമേശ എടുക്കുന്നത് തങ്ങൾ അയോഗ്യരാണോ എന്ന ഭയപ്പാടോടെ, വേറെ ചിലർ തങ്ങളുടെ മനസാക്ഷിയുടെ കുറ്റാരോപണം നിമിത്തം കർത്തൃമേശ എടുക്കാതിരിക്കയും ചെയ്യും.

പാപത്തിൽ ജീവിച്ച് മാനസാന്തരപ്പെടാതെ കർത്തൃമേശ പങ്കിടുന്നത്,

അയോഗ്യമായി തീരുന്നു. പല ക്രിസ്ത്യാനികളും പാപങ്ങളെ മുഴുവൻ വിട്ടു കളയാതെയാണ് ജീവിക്കുന്നത് (കൊലൊ. 3:8 നോക്കുക). അതിനു പുറമെ, കർത്തൃമേശ എടുക്കുന്ന സമയത്ത് പലരുടേയും മനസ് അതിൽ തന്നെ കേന്ദ്രീ കരിക്കാതെ മറ്റു പലതിലുമായിരിക്കും. ഒരർത്ഥത്തിൽ, കർത്തൃമേശ എടു ക്കുവാൻ ആരും യോഗ്യരല്ല. അന്തിമമായി യോഗ്യമായി കർത്തൃമേശ എടുക്കു വാൻ പൗലൊസ് പറഞ്ഞിരിക്കുന്നതനുസരിച്ച് അപ്പവും വീഞ്ഞും എടുക്കാം.

**കർത്താവിന്റെ ശരീരവും രക്തവും** സംബന്ധിച്ച് എന്ന പ്രയോഗം ഒന്നുകിൽ യേശുവിന്റെ ഭൗതികശരീരം അല്ലെങ്കിൽ കർത്താവിന്റെ ആത്മിയ ശരീരം. എന്നാൽ സഭയെ "ശരീരവും രക്തവും" എന്നു വിശേഷിപ്പിക്കുന്നത് അസാധാരണമായ ഒന്നാണ്. ഈ സാഹചര്യത്തിൽ, വിഭാഗീയതയെയും കർത്തൃമേശയെയുമാണ് ഇവിടെ ചർച്ചാവിഷയമാക്കിയത്. വിഭാഗീയതയും കർത്തൃമേശയും ചർച്ച ചെയ്തപ്പോഴായിരുന്നു ആ പദപ്രയോഗം നടത്തിയത്. (11:18). കർത്താവ് ഒരുവൻ, അവന്റെ ജനവും ഒന്ന് എന്ന അർത്ഥത്തിലാണ് കർത്തൃമേശ സ്ഥാപിച്ച് വിവരിക്കുന്നത്. തൂട്ടായ്മ ഭക്ഷണം കഴിക്കുമ്പോൾ പേ ാലും ഭിന്നത വളർത്തിയതിലായിരുന്നു അപ്പൊസ്തലന്റെ ഉൽക്കണ്ഠ (11:20, 21).

അതിന്റെ അന്തസത്ത ഉൾക്കൊള്ളാതെ കർത്തൃമേശ എടുത്താൽ അത് അയോഗ്യമായിരിക്കും. ക്രിസ്ത്യാനികൾ ഭിന്നിച്ച് സ്വാർത്ഥതയും സ്വന്തമുൻഗ ണനയും, വെച്ച് കർത്തൃമേശ ആചരിച്ചത് "അയോഗിയമായി" കൈകാര്യം ചെയ്യുകയായിരുന്നു. കെജെവിയിൽ പറയുന്നതുപോലെ, പാപമോചന വില ഗണ്യമാക്കാതെയായിരുന്നു അവർ കർത്തൃമേശ പരിശീലിച്ചിരുന്നത്. ഒരാൾ വിശന്നും മറ്റൊരാൾ ലഹരി പിടിച്ചും ഇരിക്കുന്ന മനോഭാവമായിരുന്നു കൊരിന്ത്യയിലുള്ളവരിൽ ഉണ്ടായിരുന്നത്. ഭിന്നത എന്ന **കുറ്റം** വെച്ച് കർത്ത ൃമേശയിൽ നിന്നു പങ്കിടുമ്പോൾ, അത് "കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് അയോഗ്യമായി" തീരുന്നു. അവിടെ നടന്നത് ഇങ്ങനെയായിരുന്നു എന്ന് ഗോർഡൻ ഡി. ഫീ പറഞ്ഞു:

> അവരെ തൃപ്തിപ്പെടുത്തുന്നതിനേക്കാൾ കുറവായിരുന്നു കൊരി ന്ത്യരുടെ ഭക്ഷണ രീതി ... അധികം ഒന്നും കാണുകയില്ല, കാരണം അവർ "ക്രിസ്തുവിനെ കുറിച്ച് ശരിയായി ചിന്തിച്ചിരിക്കയില്ല." അല്ലെങ്കിൽ അവനുമായി ശരിയായ ആശയവിനിമയം ചെയ്തു കാണുകയില്ല. അനേ ്യാന്യം അവർക്ക് പൊരുത്തപ്പെടുവാൻ കഴിയാതിരുന്നത് അവർ ക്രിസ്തു വിന്റെ മരണത്തെ ശരിക്കും തിരിച്ചറിയാതിരുന്നതിനാലായിരിക്കും ...[25]

**വാക്യം 28**. താൻ ആരാണെന്ന് പരിശോധിച്ച്, ഒരു വ്യക്തി കുടുംബ ത്തോടും സഭയോടും സമൂഹത്തോടും എങ്ങനെ പെരുമാറുന്നു എന്നതു വളരെ പ്രാധാന്യമുള്ള കാര്യമാണ്. ഒരു വ്യക്തി തന്റെ വ്യക്തിത്വം പൂർണ്ണ മായോ അല്ലെങ്കിൽ, അയാളുടെ മനസിലോ, പെരുമാറ്റമോ സ്വയ-പരിശോ ധനയിൽകൂടെ വളർത്തിയെടുക്കുവാൻ സാധിക്കും. ക്രിസ്തുവിനോടുള്ള വിശ്വസ്തത ഓരോരുത്തരും പരിശോധിക്കണം. അത്തരത്തിലുള്ള ഒരു മനസ് വെച്ചു സമൂഹമായി ഒരുമിച്ച് യോഗ്യമായ രീതിയിൽ കർത്തൃ മേശ എടുക്കുവാൻ കഴിയുമായിരുന്നു. ക്രിസ്തുവിന്റെ ശരീരത്തെയും രക്തത്തെയും ഓർമ്മിക്കുവാനുള്ള "അപ്പവും വീഞ്ഞും കൊരിന്ത്യ സഭ" **സ്വയ-ശോധനയാൽ** വേണമായിരുന്നു എടുക്കേണ്ടത്. അത് സഭയുടെ ഏക

ത്വത്തെയാണ് സൂചിപ്പിക്കുന്നത്.

കൊരിന്ത്യരുടെ പരിശീലനങ്ങൾ സ്വയ-പരിശോധനക്ക് വിധേയമാക്കുവാനാണ് അപ്പൊസ്തലൻ അവരോട് ആവശ്യപ്പെട്ടത്. എന്നാൽ പുരുഷൻ സ്വയമായി ശോധന ചെയ്യണം. കഴിഞ്ഞ ആഴ്ചയ്യിയിൽ അയാൾ എന്തെങ്കിലും പാപം ചെയ്തിട്ടുണ്ടെങ്കിൽ ആയാൾ കർത്തൃമേശയിൽനിന്ന് എടുക്കാതിരിക്കുന്നതിനുള്ള പരിശോധനയല്ല അത്. അത് അങ്ങനെയാണെങ്കിൽ, ആരും എടുക്കുവാൻ യോഗ്യരല്ല, കാരണം എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു (റോമ. 3:23); എല്ലാവരും ദിവസവും പാപം ചെയ്യുന്നു. ക്രിസ്തുവിന്റെ സഭയിൽ മനസ് കേന്ദ്രീകരിക്കാതെ മേശയിൽ നിന്നു പങ്കിടുന്നത് "അയോഗ്യമായിട്ടായിരിക്കും" എന്നുമല്ല പൗലോസ് ഉദ്ദേശിച്ചത് (11:27). പൗലൊസ് അർത്ഥമാക്കിയത് പരിശീലനത്തിലുള്ള പ്രായോഗികതയാണ്. തീർച്ചയായും, ക്രിസ്ത്യാനി തന്റെ പാപസ്വഭാവത്തിന് മാറ്റം വരത്തണം. പരിശോധന കർത്തൃമേശ സമയത്ത് മാത്രം മതി എന്നല്ല, മറ്റു സമയങ്ങളിലും ആവശ്യമാണ്. കർത്താവിന്റെ ശരീരത്തിലുള്ള ഓരോ അവയവവും, ക്രൂശിൽ തനിക്ക് വേണ്ടി കർത്താവ് കൊടുത്ത വിലയും തന്റെ ജീവിതവും പരിശോധിക്കണം എന്ന കാര്യത്തിൽ സംശയമില്ല. അതെല്ലാം ശരിയാണെങ്കിലും, കൊരിന്ത്യ സഭയുടെ പ്രശ്നം ഐക്യതയായിരുന്നു. അവർ വാസ്തവത്തിൽ പ്രായോഗികമാക്കിയത് ഭിന്നതയായിരുന്നു. വിഭാഗീയ വഴികളിൽ നടന്നു അവർ കർത്തൃമേശ എടുക്കുവാൻ യോഗ്യരല്ല എന്നു തെളിയിച്ചു. ഒരു സമൂഹമായി കൂടി വരുമ്പോൾ, സഹോദരങ്ങൾ സഭക്കുള്ളിൽ നടക്കുന്നത് തിരിച്ചറിയണമായിരുന്നു. അത്തരം പരിശീലനത്തെ പരിശോധിച്ച് തള്ളിക്കളയുവാനായിരുന്നു പൗലൊസ് ആവശ്യപ്പെട്ടത്.

അപ്പത്തിൽനിന്നു തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്യുന്ന വ്യക്തി, ശരീരത്തിന്റെ ഏകത്വത്തെ ത്യജിച്ച് കൈകാര്യം ചെയ്യുന്നത് അയോഗ്യതയായിരുന്നു. കൊരിന്ത്യർ ചെയ്തതുപോലെ, കർത്തൃമേശയുടെ അർത്ഥം ത്യജിക്കുവാൻ സാധ്യത ഉള്ളതുപോലെ, മറ്റു കാര്യങ്ങളിലും ആളുകൾ ഇത്തരം രീതികൾ സ്വീകരിച്ചേക്കാം. ഏതു ക്രിസ്തീയ ധാർമ്മികതയെ തള്ളിക്കളഞ്ഞാലും ഫലം ഒന്നു തന്നെയായിരിക്കും.

**വാക്യം 29.** ക്രിസ്തു രൂപപ്പെടുത്തിയ അപ്പം **ഭക്ഷിക്കുക.യും** പാനപാത്രം **കുടിക്കയും** ചെയ്യുന്നത് വിശ്വാസികൾ ഓർമ്മക്കും, ക്രിസ്തുവിനോടുള്ള കൂട്ടായ്മക്കും നിത്യജീവന്റെ പ്രതീക്ഷക്കുമുള്ളതാണ്. **ശരിയായി വിവേചിക്കാതെ** കർത്തൃമേശ എടുത്തില്ലെങ്കിൽ നാം **ന്യായവിധി** (κρίμα, *ക്രിമാ*) അഥവാ ശിക്ഷാവിധി ക്ഷണിച്ചുവരുത്തുകകയാണ്.

"ശരീരം" എന്നു പൗലൊസ് പറഞ്ഞതിന്റെ അർത്ഥം എന്താണ്? പല വായനക്കാരും പൗലൊസ് വിവരിക്കുന്ന മേശയിൽ തന്നെയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് പശ്ചാത്തലമോ സന്ദർഭമോ പരിശോധിക്കുന്നില്ല. ഇതിൽ അടങ്ങിയിരിക്കുന്നത് ഒരു വലിയ സന്ദർഭമാണ്.

"ശരീരം" എന്ന് ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നത് യേശുവിന്റെ ക്രൂശിൽ തൂങ്ങിയ അക്ഷരികമായ ശരീരമാണ്. അതിനെ 11:27 ലെ "അയോഗ്യമായി" എടുക്കരുത് എന്ന പ്രബോധനവും കൂടെ ചേർത്താൽ, ക്രിസ്തു ക്രൂശിൽ നൽകിയ വില ഗണ്യമാക്കാതെ കർത്തൃമേശയിൽ നിന്നെടുത്താൽ അവർ അയോഗ്യമായിട്ടാണ് മേശ കൈകാര്യം ചെയ്യുന്നത് എന്നർത്ഥം. കെജെവിയിൽ ചറത്തിരിക്കുന്നത്, "ശരീരത്തെ വിവേചിക്കാതെ അയോഗ്യമായി

അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കയും ചെയ്യുന്നവൻ, ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു" എന്നാണ് (എംഫസിസ് ആഡഡ്). പഴയ കയ്യെഴുത്തു പ്രതികളിൽ 11:29 ൽ "അയോഗ്യത" ആവർത്തിക്കുകയോ, "കർത്താവിന്റെ" എന്ന വാക്കിനു തുല്യമായ വേറൊന്ന് ഉപയോഗിക്കയോ ചെയ്തിട്ടില്ല. "ശരീരത്തെ വിവേചിക്കാതെ" അപ്പം തിന്നുകയും കുടിക്കയും ചെയ്യുന്നവൻ വിധിക്കപ്പെടും എന്ന മുന്നറിയിപ്പാണ് പൗലൊസ് നൽകിയത്.

സഭക്കായി പൗലൊസ് ഉപയോഗിച്ച രൂപകാലങ്കാരം ആണ് "ശരീരം." അവൻ പറഞ്ഞു, "... അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്ന്" (10:17). "... ശരീരം ഒന്നും അവയവം പലതും ആയിരിക്കെ, എല്ലാം ഒരു ശരീരവും ആയിരിക്കും" (12:12). കർത്തൃമേശ ശരിയായി കൊരിന്ത്യയിലുള്ളവർക്ക് കൈകാര്യം ചെയ്യുവാൻ കഴിയാതിരുന്നത്, അവർ ഭകർത്താവിന്റെ ശരീരമായ സഭയിൽ ഭിന്നതയെ സ്വീകരിച്ചതു നിമിത്തമായിരുന്നു. സഭയുടെ ഐക്യത നിലനിർത്തുന്നതിലായിരുന്നു അവർ പരാജയപ്പെട്ടത്.

**വാക്യം 30.** പിന്നെ അവൻ പറഞ്ഞു, **അതു നിമിത്തം നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു, പലരും നിദ്ര കൊള്ളുന്നു.** മറ്റു ഭാഗങ്ങളിൽ "നിദ്ര" എന്ന വാക്ക് ആലങ്കാരികമായി "മരണം"എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു (15:51; 1 തെസ്സ. 5:10). കൊരിന്ത്യയിലെ അസംഖ്യം ക്രിസ്ത്യാനികളും ആത്മിയമായി മരിച്ചവർ എന്നാണ് അപ്പൊസ്തലൻ "നിദ്ര' എന്ന വാക്കിനാൽ സൂചിപ്പിച്ചത്. "അവരിൽ പലരും" അപ്പോൾ "ബലഹീനരും രോഗികളും" ആയിരുന്നു. സഭയിലെ ധനികരായവർ അപ്പവും വീഞ്ഞും എടുക്കയും മറ്റുള്ളവർ താഴ്ന്ന നിലവാരത്തിലായതിനാൽ, അവരിൽനിന്നു മാറി വിഭാഗീയത രൂപപ്പെടുത്തിയതിനാൽ, അവർ "അയോഗ്യമായിട്ടായിരുന്നു" കർത്തൃമേശ എടുത്തത് (11:27). "അതു നിമിത്തം" അവരിൽ ശിക്ഷാവിധി വന്നിരുന്നു. ചിലരിൽ കർത്താവ് ബാലശിക്ഷ നടത്തിയിരുന്നു (11:32; എബ്രാ. 12:5–7). സഭയിൽ ചിലർ കാപട്യം കാണിച്ചതിനാൽ അവർ മരിച്ചുപോകയും ചെയ്തു.

**വാക്യം 31.** അപ്പൊസ്തലൻ വൈപരീത്യത്തിൽനിന്നു-വസ്തുതയിലേക്ക് -തിരിയുന്ന സ്ഥിതിയാണ് പ്രോട്ടാസിൽ ഇൻഡിക്കേറ്റിവ് ഉപയോഗിച്ചത, (ἄν [*എയ്‌*], εἰ [*ആൻ*] എന്നും തന്റെ പോയിന്റ് അടിവരയിടുന്നതാണ് അത്. അപ്പോ, (സ്തലന്റെ മുന്നറി. യിപ്പ് അനുസരിച്ച് കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ സ്വയം-പരിശോധിക്കണമായിരുന്നു. അവർ തങ്ങളുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു ദൈവത്തെ മഹത്വപ്പെടുത്തിയിരുന്നുവെങ്കിൽ, അവർക്ക് ദൈവാനുഗ്രഹം ലഭിക്കുമായിരുന്നു. എങ്ങനെയായാലും, അവർ തങ്ങളെ തന്നെ ശരിയായി വിധിച്ചില്ല. **നാം നമ്മെ ശരിയായി വിധിച്ചാൽ വിധിക്കപ്പെടുകയില്ല.** സ്വയം പരിശോധിക്കാതിരുന്ന ക്രിസ്ത്യാനികൾ ന്യായവിധി വിളിച്ചു വരുത്തി. അവരുടെ പരിശീലനങ്ങൾ സത്യമാകുവാനായിരുന്നു പൗലൊസിന്റെ പ്രബോധനം. അവരുടെ നിന്ദയെ മയപ്പെടുത്തി പറയുവാനാണ് പൗലൊസ് ഒന്നാം വ്യക്തി ബഹുവചന സർവ്വനാമം ഉപയോഗിച്ചത്. ദൈവഭക്തിയുള്ള ജീവിതത്തിന് ഒരിക്കലും-അവസാനിക്കാത്ത ഒന്നാണ് സ്വയം പരിശോധന.

**വാക്യം 32. നാം വീധിക്കപ്പെടുന്നുവെങ്കിലോ നാം ലോകത്തോടുകൂടെ കർത്താവിനാൽ ബാല ശിക്ഷ കഴിക്കപ്പെടുന്നു** എന്നു പൗലൊസ് തുടർച്ചയായ ഒന്നാം വ്യക്തി ബഹുവചനം ഉപയോഗിച്ചുകൊണ്ട് പറയുന്നു. കൊരിന്ത്യ സഭയിൽ ദൈവം ഇടപെട്ടതിനാൽ ചിലർക്ക് രോഗവും ചിലർക്ക്

മരണവും സംഭവിച്ചു. സഭ തന്നിഷ്ടപ്രകാരം ആയിക്കൊള്ളട്ടെ എന്നു കരുതി ദൈവം ശ്രദ്ധിക്കാതെയിരുന്നില്ല. ദൈവം ഒരിക്കലും ഇടപെടുകയില്ല എന്ന് ക്രിസ്ത്യാനികൾക്ക് ഒരിക്കലും പറയുവാൻ സാധിക്കയില്ല. കെജെവി തർജ്ജിമക്കാർ ഗ്രീക്ക് പ്രയോഗം (ὑπὸ τοῦ κυρίου παιδευόμεθα, *ഹുപോ ടൗ കൂറിയൗ പായിഡേവൂണെതാ*), "നാം കർത്തതാവിനാൽ ശിക്ഷിക്കപ്പെട്ടു ..." ഊന്നൽ കൊടുത്ത വാക്ക് പറയുന്നത്, ഈ അർത്ഥമാണ്: "കർത്താവിനാലല്ലാതെ ക്രിസ്ത്യാനികൾ ശിക്ഷിക്കപ്പെടുന്നില്ല."

ദൈവത്തിന്റെ ന്യായം മനുഷ്യർക്ക് ഒഴിയുവാൻ സാധ്യമല്ല എന്ന് ഇയ്യോബ് പറയുന്നു (ഇയ്യോ. 38 നോക്കുക). എന്നാൽ ഒരു കാര്യം തീർച്ചയാണ്: **ദൈവം തന്നെ സ്നേഹിക്കുന്നവർ ലോകത്തോടുകൂടെ നാശത്തിലേക്ക് പോകാതിരിപ്പൻ അവൻ നമ്മെ ബാലശിക്ഷ കഴിക്കും**. ദൈവത്തിന്റെ എല്ലാ ന്യായവിധികളും ലോകാവസാനത്തോളം നീട്ടി വെക്കുകയില്ല. ഭിന്നതയുള്ള കൊരിന്ത്യ സഭയിലെ ആ അവസ്ഥക്ക് മാറ്റം വരുത്തിയില്ലെങ്കിൽ അവരുടെ നിലവിളക്ക് ദൈവം എടുത്തുകളയും എന്ന മുന്നറിയിപ്പ് അവരെ മാറ്റി കാണും (വെളി. 2:5).

**വാക്യം 33.** ഈ വാക്യത്തിൽ അപ്പൊസ്തലൻ തന്റെ വാക്കുകൾ മൃദുലമാക്കി പറയുന്നു, **എന്റെ സഹോദരന്മാരേ**. ഇവിടെയും സഭായോഗം കൂടുമ്പോൾ, അവർക്കിടയിലെ ഭിന്നതയെ ഉപേക്ഷയായി കണക്കാക്കിയില്ല. ആ ക്രിസ്ത്യാനികൾ കർത്തൃമേശ എടുത്തപ്പോൾ അവരുടെ മനോഭാവം തെറ്റായിരുന്നു എന്ന് അപ്പൊസ്തലൻ വ്യക്തമാക്കി. അവൻ 11:17 ൽ ഭിന്നതയെ കുറിച്ച് തുടങ്ങിയ ചർച്ച അവസാനിപ്പിക്കുകയാണ് ഇവിടെ. ദൈവജനം-ധനവാന്മാരും, ദരിദ്രരും, യെഹൂദന്മാരും, ജാതികളും, ആണും, പെണ്ണും, യുവാക്കളും പ്രായമായവരും എല്ലാവരും കുറ്റമുള്ളവരാകയാൽ ദൈവകൃപ എല്ലാവർക്കും ക്രൂശിൽ കാണിച്ചത് ആവശ്യമാണ്.

വിശ്വാസം ഏറ്റു പറയുന്ന ക്രിസ്ത്യാനിത്വത്തിന്റെ അടിത്തറ ഇളക്കുന്നതാണ് ഭിന്നത. അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്തിട്ട് ഭിന്നിച്ചു നിൽക്കുമ്പോൾ അവർ "കർത്തതാവിന്റെ അത്താഴമല്ല," (11:20) ഓരോരുത്തൻ "താന്താന്റെ ഭക്ഷണമാണ് കഴിക്കുന്നത്" (11:21). അവർ കർത്തൃമേശ ആചരിക്കുന്നവരായിരുന്നു, പക്ഷെ തെറ്റായ വിധത്തിലായിരുന്നു എന്നു മാത്രം.

ആത്മാവിന്റെ ഐക്യതയും സമാധാനബന്ധവും കാത്തുസൂക്ഷിക്കുവാനായിരുന്നു പൊതുവായ ഭക്ഷണത്തിന് **ഏന്യോന്യം കാത്തിരിക്കുവാൻ** പൗലൊസ് പ്രബോധിപ്പിച്ചത്. ഒരുത്തന്നു വിശക്കുന്നു എങ്കിൽ, അവൻ ഭക്ഷണം കഴിച്ചുകൊള്ളട്ടെ എന്ന് അപ്പൊസ്തലൻ പ്രബോധിപ്പച്ചത് (എഫെ. 4:3). കർത്തൃമേശ ആചരിക്കുമ്പോഴത്തെ അതേ മനോഭാവത്തോടെ വേണം സാമൂഹ്യ ഭക്ഷണത്തിൽ പങ്കിടുവാനും. കർത്തൃമേശയിൽ നിന്നു പങ്കിടുന്നതും പൊതുവായി ഭക്ഷണത്തിനിരിക്കുന്നതും ദൈവജനത്തിന്റെ ഐക്യതയെ കുറിക്കുന്നതാണ്.

**വാക്യം 34.** വിശപ്പ് അടക്കുവാനുള്ളതല്ല കർത്തൃമേശ. **ആർക്കെങ്കിലും വിശക്കുന്നു എങ്കിൽ അവൻ വീട്ടിൽ വെച്ച് ഭക്ഷിക്കട്ടെ കാരണം നിങ്ങൾ കൂടി വരുന്നത് ന്യായവിധിക്കായി തീരരുത്**. ക്രിസ്ത്യാനികൾ കൂടി വരുമ്പോൾ ഭക്ഷണം വിതരണം ചെയ്യാം, ചെയ്യാതിരിക്കാം, പക്ഷെ വിതരണം ചെയ്യുകയാണെങ്കിൽ സഭയുടെ ഐക്യതക്ക് ഹാനികരമാകരുത്. ചില

ക്രിസ്ത്യാനികൾക്ക് അവരുടെ ഭക്ഷണം കൊണ്ടു വന്ന് പൊതുവായി വിതരണം ചെയ്യുവാൻ താൽപര്യമില്ലെങ്കിൽ അവർക്ക് വീട്ടിൽ വെച്ച് ഭക്ഷണം കഴിക്കാമല്ലൊ. കർത്തൃമേശയും പൊതുവായി ഭക്ഷണം കഴിക്കുന്നതും തമ്മിൽ പ്രകടമായ വ്യത്യാസം ഉണ്ട്. കർത്തൃമേശ വിശ്വാസം വളർത്തുന്ന ഘടകമാണ്. കർത്തൃദിവസം വിട്ടുവീഴ്ച്ചയില്ലാതെ പങ്കെടുക്കേണ്ടതാണ് കർത്തൃമേശ. പൗലൊസ് അവരുടെ അടുത്ത് നേരിട്ട് എത്തുമ്പോൾ, ഈ വിഷയങ്ങളെ കുറിച്ച് ധാരാളം കാര്യങ്ങൾ പറയും എന്നതു തർക്കമില്ലാത്ത കാര്യമാണ്.

## പ്രായോഗികത

### ക്രിസ്ത്യാനികളും ആചാരങ്ങളും (11:1-16)

തലയിൽ മൂടുപടം ഇടുന്നത് പ്രത്യേകം ചില ആളുകൾ, പ്രത്യേക സമയത്തും സ്ഥലത്തും ചെയ്യുന്ന പ്രവൃത്തിയായിരുന്നു. കൊരിന്ത്യർക്ക് തല മൂടുന്നത് ഒരു അടയാളം ആയിരുന്നു. പ്രധാനപ്പെട്ട ഒരു കാര്യത്തെയാണ് അത് എടുത്തു കാണിക്കുന്നത്. സഭാ പ്രവർത്തനങ്ങളിലും ആരാധനയിലും പുരുഷന്മാർ നയിക്കുവാനാണ് അപ്പൊസ്തലൻ ആവശ്യപ്പെട്ടത്. വിഗ്രഹാരാധന നടത്തുന്ന പുരു,ഷന്മാർ തലയിൽ മൂടുപടം ധരിച്ചിരുന്നേക്കാം. പുരുഷനായകത്തെ കാണിക്കുന്ന ആചാരത്തെ അപ്പൊസ്തലൻ എടുത്തു കാണിക്കുന്നു; വിഗ്രഹാർപ്പിത പരിശീലനങ്ങളെ അവൻ ത്യജിച്ചിരുന്നു.

കൊരിന്ത്യരോടുള്ള പൗലൊസിന്റെ പ്രബോധനം ആധുനിക ക്രിസ്ത്യാനികളെ പഠിപ്പിക്കുന്നത്: (1) ധാർമ്മികമായി നിഷ്പ്പക്ഷമായ ആചാരമാണെങ്കിൽ ക്രിസ്ത്യാനികൾക്ക് അത് സ്വീകരിക്കാം. (2) സന്ദർഭത്തിൽനിന്നും അടർത്തി മാറ്റാൻ കഴിയാത്ത സാമൂഹികാചാരം കാണാം. ആ ആചാരത്തെ ക്രിസ്ത്യാനികൾ ബഹുമാനിക്കുകയോ ബഹുമാനിക്കാതിരിക്കയോ ചെയ്തേക്കാം. (3) ലോകത്തിൽ ക്രിസ്തുവിന്റെ ഉപദേശത്തെ വ്യാപിപ്പിക്കുവാൻ സഹായകരമായ സാമൂഹികാചാരമാണെങ്കിൽ അതിനെ സ്വീകരിക്കുന്നതില് തെറ്റില്ല. (4) ക്രിസ്ത്യാനികളായതിനാൽ, നാം മതപരമായതും, ധാർമ്മികവും ആയ നിലവാരത്തിലെത്തണം. ക്രിസ്തുവിന്റെ നാമത്തെ ദുഷിക്കുന്ന പ്രസ്താവനകളോ ചടങ്ങുകളോ ഉള്ള ആചാരം നാം ഒരിക്കലും സ്വീകരിക്കരുത്.

### കർത്തൃമേശ: ഓർമ്മക്കും അതിലുമുപരി (11:17-34)

ക്രിസ്ത്യാനികൾക്ക് സഭായോഗം കൂടുന്നത്, അന്നാണ് നാം ഒരുമിച്ചു കൂടിവന്ന് പരസ്പരം വിശ്വാസം ഉറപ്പിക്കുന്നതും, മറ്റുള്ളവരുടെ സാന്നിധ്യം നാം ആസ്വദിക്കയും അന്യോന്യം പ്രബോധിപ്പിക്കയും ചെയ്യുന്നു-അതിലുപരിയായി നമ്മുടെ ദൈവത്തെ ആരാധിക്കയും ചെയ്യുന്നു. "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലെ ആരാധനയുടെ ഉദ്ദേശം എന്താണ്?" പരീഗണനക്കായി രണ്ടു കാര്യങ്ങൾ പറയണം.

ഒന്ന്, *ദൈവഭക്തിയിലും, ദാസ്യ-സേവനത്തിലും, അന്യോന്യമുള്ള വിശ്വാസത്തിൽ പരസ്പരം ഉത്തേജിപ്പിച്ചും പിന്തുണച്ചും ആത്മിക പ്രബോധനത്തിനാണ് ക്രിസ്ത്യാനികൾ കൂടി വരുന്നത്*. സഭായോഗത്തിൽ ഒരുമിച്ച് സഭായോഗത്തിൽ നാം ഓരോരുത്തരുടെ സാന്നിധ്യം അനുഭവിക്കുകയാണ്,അപ്പോൾ നാം ഉയർന്ന ആത്മിക സന്തോഷം അനുഭവിക്കുകയാണ്. അക്കാരണത്താൽ, എബ്രായ ലേഖകൻ എഴുതി, "... സഭായോഗം ഉപേക്ഷയായി വിചാരിക്കാതെ

സ്നേഹത്തിലും സൽപ്രവൃത്തിയിലും ഉൽസാഹം വർദ്ധിപ്പിക്കുവാൻ അന്യോന്യം സൂക്ഷിച്ചുകൊൾവിൻ" (എബ്രാ. 10:24, 25).

സഭായോഗത്തിൽ ക്രിസ്ത്യാനികൾ മനസ്-വെക്കേണ്ട രണ്ടാമത്തെ ഘടകം വളരെ പ്രധാനപ്പെട്ട ഒന്നാണ്. സഭായോഗത്തിന് ക്രിസ്ത്യാനികൾ ഒരുമിച്ച് കൂടുന്നത് നമസ്ക്കാരത്തിന്. അത് ദൈവം കൽപിച്ചിരിക്കുന്നതാണ്. വിശ്വാസികൾ കൂടി വരുമ്പോൾ തങ്ങളുടെ ഊർജ്ജം ദൈവത്തിൽ-ശ്രദ്ധിച്ച് മാനവും മഹത്വവും പുകഴ്ച്ചയും ആദരവും ദൈവത്തിൽ അർപ്പിക്കുകയാണ്. നാം നമ്മുടെ ദൈവത്തെ പുകഴ്ത്തി സ്തുതിക്കുമ്പോൾ അവൻ നമ്മുടെ ബലഹീനകതകളെ കണക്കാക്കുകയില്ല.

ആരാധനയുടെ മറ്റു ഘടകങ്ങളെ പോലെ, കർത്തൃമേശയിലും ഒന്നിലധികം ഉദ്ദേശങ്ങൾ ഉൾപ്പെടുന്നു. "കർത്തൃമേശ എന്നാൽ എന്ത്? എന്ന് ഓരോ ക്രിസ്ത്യാനിയും തന്നോട് തന്നെ ചോദിക്കുന്നത് നന്നായിരിക്കും. നാം കൂടി വരുമ്പോൾ അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കയും ചെയ്യുന്നത് എന്തുകൊണ്ട്? കർത്തൃമേശ കൂട്ടായ്മയാണോ അതോ ആരാധനയുടെ ഭാഗമാണോ? എങ്ങനെ ആരാധനയും കൂട്ടായ്മയും ബന്ധപ്പെട്ടിരിക്കുന്നു?"

ആഴ്ച്ച തോറും നാം പരിശോധിക്കേണ്ടത് മൂന്നു കാര്യങ്ങളാണ്. ദൈവം നൽകിയ ആ മൂന്നു സംഭവങ്ങളേയും നമുക്ക് ശ്രദ്ധയോടെ പരിശോധിക്കാം.

*പുറകോട്ടുള്ള ഒരു നോട്ടം.* നസറേത്തുകാരനായ യേശു ദൈവപുത്രനാണെന്ന വിശ്വാസം പൊതുവിൽ ഏറ്റു പറയുന്നതും പുറകോട്ടു നോക്കി ദൈവം ചെയ്തിട്ടുള്ളത് ഓർമ്മിപ്പിക്കുകയുമാണ് നാം കൂടി വന്ന് അപ്പം നുറുക്കുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോൾ. അവൻ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്ന് വാഴുകയാണ്. യേശുവിന്റെ ശരീരയാഗത്തെ ദൈവം സ്വീകരിച്ചു. നാം വായിക്കുന്നു,

> നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല, പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്ക് ഉള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തൽസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക (എബ്രാ. 4:15, 16).

ചരിത്രം ദൈവജനത്തെ മനോഹരമായി നിർവ്വചിച്ചിരിക്കുകയാണ്. ആകാശത്തിൽ ഉയർന്നിരിക്കുന്നതും (ഉല്. 9:3), ജൂബിലി സമയത്തെ കാഹളനാദവും (ലേവ്യ. 25:9–12). ഓർമ്മ ആഘോഷിക്കുമ്പോഴെല്ലാം ദൈവം തന്റെ ജനത്തോടുകൂടെ ആയിരിക്കും. യിസ്രായേലിനെ ദൈവം തന്റെ ജനമാക്കി തീർത്തപ്പോൾ, അവൻ ആ സംഭവത്തെ ഓർമ്മിക്കുവാൻ അവർക്ക് പെസഹ നൽകി. നാൽപത് വർഷത്തെ മരുഭൂവാസം ഓർമ്മിക്കുവാൻ കൂടാരം ഉണ്ടാക്കി അതിൽ പാർപ്പാൻ ദൈവം അവരോട് പറഞ്ഞു. യിസ്രായേൽ ജനം യോർദ്ദാൻ നദി കടന്നപ്പോൾ യോശുവ അവരോട് പന്ത്രണ്ട് കല്ലുകൾ ഓർമ്മക്കായി എടുക്കുവാൻ പറഞ്ഞു (യോശു. 4:20, 21). ജനങ്ങൾ തങ്ങൾക്ക് പ്രി.യപ്പെട്ട സംഭവങ്ങൾ മറന്നു പോകുവാനിടയുണ്ട്-പ്രത്യേകിച്ച് അവർക്ക് ഗുണം ചെയ്തവരെ. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ നാം അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കയും ചെയ്യുമ്പോൾ, നാം ക്രൂശിലെ

യേശുവിന്റെ യാതനയും, അതിനു മുൻപ് ജീവിച്ചിരുന്ന ജീവിതത്തെയും ഈ സമയത്ത് ജീവിക്കുന്ന ആളുകളെയും ഓർക്കുന്നു. ദൈവം തന്റെ ഉട മ്പടി പാലിച്ചു; അവൻ തന്നെത്താൻ ഒഴിച്ചു മനുഷ്യനായി വിളങ്ങി (ഫിലി. 2:6, 7) പാപത്തിൽ നഷ്ടപ്പെടുന്നവരെ രക്ഷിക്കുവാനാണ് അവൻ മരിച്ചത്. കർത്തൃമേശയിൽ വിശ്വാസികൾ അവന്റെ നുറുക്കപ്പെട്ട ശരീരത്തെയും രക്ത ത്തെയുമാണ് ഓർക്കുന്നത്.

*ചുറ്റുമുള്ള ഒരു നോട്ടം.* അപ്പം നുറുക്കുമ്പോൾ ക്രിസ്ത്യാനികൾ പുറകിലേക്ക് നോക്കും; എന്നാൽ നാം ചുറ്റും നോക്കും. ക്രിസ്തുവിന്റെ ശരീര ത്തിനകത്തുള്ള കൂട്ടായ്മയാണ് കർത്തൃമേശ. പൊതു വിശ്വാസത്തെ പ്രകടമാ ക്കുന്നതാണ് അപ്പവും വീഞ്ഞും. കർത്തൃമേശ, യേശു തന്നെ ക്രിസ്തു എന്ന പൊതുവിശ്വാസം ഏറ്റു പറയുന്നത് ഉറപ്പിക്കുന്നതോടൊപ്പം "നാം അനുഗ്രഹി ക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? (1 കൊ. 10:16). ലോകത്തിൽ പാപത്തോടു പോരാടുന്നതും, ആത്മാവിനാൽ ജീവനുള്ള ക്രിസ്തുവിനെ പിടുവിച്ചുകൊള്ളുന്നതുമാണ് കർത്താവിന്റെ അത്താഴം. ആ സംഭവം-കൂട്ടായ്മയാണ്-ക്രിസ്തുവിനോടും അന്യോന്യവു മുള്ള കൂട്ടായ്മയാണ്. അപ്പത്തിൽനിന്നു ഭക്ഷിക്കയും പാനപാത്രത്തിൽനിന്നു കുടിക്കയും ചെയ്യുന്നത് വിശ്വാസികളായിട്ടാണ്; പക്ഷെ അത് ചെയ്യുന്നത് ഒരു സമൂഹമായിട്ടാണ്. വിശ്വാസികളായിരുന്ന നമ്മുടെ പിതാക്കന്മാർ ചെയ്തു വന്നതുപോലെ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോൾ ദൈവം ക്രിസ്തുവിൽ ചെയ്തത് ഓർക്കുന്നു.

കർത്തൃമേശയുടെ കൂട്ടായ്മ ഒരു ഇടവകയിൽ മാത്രം ഒതുങ്ങി നിൽക്കു ന്നതല്ല. കർത്താവിന്റെ സഭയിലെ അംഗങ്ങൾ ലോകത്തിന്റെ ഏതു ഭാഗത്ത് ജീവിച്ചാലും, ക്രിസ്തീയ കാലഘട്ടത്തതിൽ ജീവിക്കുന്നവർ ഒരുമിച്ചു കൂടി വിശ്വാസപൂർവ്വം കർത്തൃമേശ ആചരിക്കും. പസിഫിക് കടൽത്തീരത്തുള്ള വർ ആഴ്ച്ചവട്ടത്തതിന്റെ ഒന്നാം നാളിൽ ക്രിസ്തുവിലുള്ളവർ ദൈവത്തെ ആരാധിക്കുവാൻ കൂടി വരുന്നു. കർത്തൃമേശയിൽ അവർ തങ്ങളുടെ പെ ാതുവായ ഏറ്റുപറച്ചൽ പ്രകടിപ്പിക്കുന്നു: ക്രിസ്തു മനുഷ്യരുടെ പാപങ്ങൾക്ക ായി മരിക്കുകയും ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. വിശ്വാസികളുടെ ഒരു സമൂഹം ആ ദിവസം കൂടി വന്ന് അപ്പം നുറുക്കുകയാണ്. നിത്യജീവന്റെ പ്രത്യാശ നമുക്ക് കാണിച്ചു തന്ന ജീവിത മാതൃകക്കായി നമ്മെ സമർപ്പിക്കുന്ന തായി കാണിക്കുന്നതാണ് കർത്തൃമേശ. കർത്തൃമേശ ആചരിക്കുന്നതിൽകൂടെ നാം അന്യോന്യം പഠിക്കുകയും, കരുതുക.യും സ്നേഹിക്കയും, തിരുത്തുക യും തിരുത്തപ്പെടുകയും വളരുകയും ചെയ്യുന്നു.

ക്രിസ്ത്യാനിയായി തീരുവാൻ ഒരു വ്യക്തി കർത്താവുമായി ഒരു തീരു മാനം എടുക്കുക മാത്രമല്ല ചെയ്യുന്നത്. ശരീരമാകുന്ന സഭയുടെ ജീവനിലും നാം പങ്കുകാരാകുകയാണ്. ശാരീരികമായ അനുഭവമാണ് കർത്തൃമേശ.

*മുൻപോട്ടുള്ള ഒരു നോട്ടം.* കർത്തൃമേശ, പുറകോട്ടു നോക്കുന്നതും, ഓർമ്മിക്കുന്നതും അല്ലാതെ, അത് ഒരു വാഗ്ദാനത്തതിന്റെ സാക്ഷ്യമാണ്. അത് മുൻപോട്ട്, സ്വർഗത്തിലേക്കുള്ള നോട്ടമാണ്. ക്രിസ്ത്യാനികൽ അപ്പവും വീഞ്ഞും എടുക്കുമ്പോൾ കർത്താവ് വീണ്ടും വരും എന്ന വാഗ്ദാനത്തെ യാണ് ഓർക്കുന്നത്. "അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപ ാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" (11:26). കാലം എവിടെയെങ്കിലും എത്തുമെന്ന്

ലോകം വിശ്വസിക്കുന്നില്ല. ലോകം ഒരു പൊട്ടിത്തെറിയോടെ അവസാനിക്കുമെന്നാണ് അവിശ്വാസികൾ കരുതുന്നത് അല്ലെങ്കിൽ അണുബോംബ് സ്ഫോടനത്താൽ ജനങ്ങൾ നശിക്കും. അഭക്തരുടെ കാഴ്ച്ചപ്പാടിൽ, യാദൃശ്ചികമായി എന്തു സംഭവിച്ചാലും അതൊന്നും അവർക്ക് കാര്യമല്ല.

സുവിശേഷ സന്ദേശത്തിന്റെ അടിസ്ഥാന ചരിത്രം നോക്കിയാൽ അത് ഒരു തീർപ്പിലേക്ക് നയിക്കുന്നതായി കാണാം. ഭൂമിയുടെ ഭാവി യാദൃശ്ചികമായ നിലയിലല്ല നീങ്ങുന്നത്, ഭൂമിയിൽ നടന്ന നസ്രേത്തുകാരൻ യേശു ഇനി രക്ഷകനും ന്യായാധിപതിയുമായിട്ടാണ് മടങ്ങി വരുന്നത്. ക്രിസ്ത്യാനികൾ കർത്തൃമേശ എടുക്കുമ്പോൾ, ഉയർത്തെഴുന്നേറ്റ ക്രിസ്തു മടങ്ങി വരുന്നതിനെയാണ് പ്രതിഫലിപ്പിക്കുന്നത്. ഈ ലോകവും മനുഷ്യവർഗവും മാറ്റപ്പെടുന്നത് ഉറപ്പിക്കുന്നതാണ് കർത്താവിന്റെ അത്താഴം. ലോകത്തിന്റെ നടത്തിപ്പ് ദൈവകരങ്ങളിലാണ് എന്ന് സഭ സമ്മതിക്കുന്നു.

*ഉപസംഹാരം.* കർത്തൃമേശ, ഭൂതകാലത്തെയും വിശ്വാസത്തെയും നോക്കുന്ന ഒന്നാണ്. അത് ക്രിസ്തുവിനോടും സഹ വിശ്വാസികളോടും ഒത്തൊരുമിച്ചുള്ള കൂട്ടായ്മ ആകയാൽ അത് ചുറ്റുമുള്ള ഒരു നോട്ടം കൂടെയാണ്. അത് പ്രത്യാശയുടേയും പ്രതീക്ഷയുടേയും പ്രതീകമാകയാൽ ഭാവിയിലേക്ക് മുൻപോട്ടുള്ള നോട്ടം ആണ്. സാമൂഹ്യമായി ജീവനും പ്രത്യാശയും ഉറപ്പിക്കുന്നതാണ് കർത്തൃമേശ. ക്രൂശിലേക്ക് നമ്മെ തിരിക്കുന്നതാണ് അത്. അത് റോമാ ലോകത്തിന്റെ പരാജയത്തെ സൂചിപ്പിക്കുന്നു. യേശു ക്രൂശിൽ വിജയ മുദ്ര സ്ഥാപിച്ചു. കർത്തൃമേശ രക്ഷിക്കപ്പെട്ടവർക്ക് ദൈവവുമായുള്ള ഉടമ്പടിയുടെ അടയാളമാണ്.

---

കുറിപ്പുകൾ

[1]ആന്റണി സി. തിസിൽടൻ, "റിയലൈസ്ഡ് എസ്ക്കറ്റോളജി അറ്റ് കൊരിന്ത്," *ന്യു ടെസ്റ്റമെന്റ് സ്റ്റഡീസ്* 24 (ജൂലയ് 1978): 521. [2]റിച്ചാർഡ് ഈ. ഓസ്റ്റർ, ജൂനിയർ., *1 കൊരിന്ത്യൻ*, ദ കോളേജ് പ്രസ് എൻഐവി കമെന്ററി (ജോപ്ലിൻ, മോ.: കോളേജ് പ്രസ് പബ്ലിഷിങ്ങ് കമ്പനി., 1995), 253–75; റിച്ചാർഡ് ഓസ്റ്റർ, "വെൻ മാൻ വോർ വെയിൽസ് ടു വർഷിപ്: ദ ഹിസ്റ്റോറിക്കൽ കോക്സ്റ്റ് ഓഫ് 1 കൊരിന്ത്യൻ 11:4," *ന്യു ടെസ്റ്റമെന്റ് സ്റ്റഡീസ്*, 34 (ഒക്ടോബർ 1988): 481–505. [3]ഓസ്റ്റർ, *1 കൊരിന്ത്യൻ* 258. [4]ജോസഫ് ഏ. ഫിര്സ്മമിയർ, "അനദർ ലുക്ക് അറ്റ് 1 കൊരിന്ത്യൻ 11:3," *ന്യൂ ടെസ്റ്റമെന്റ് സ്റ്റഡീസ്* 35 (ഒക്ടോബർ 1989): 510. ഏ ഗുഡ് ഡിസിഷൻ ഈസ് ര്കൊലഡഡ് ഇൻ വെയിൻ ഗ്രൂഡം, "അദർ ('ഹെഡ്') മീൻ 'സോഴ്സ്' ഓർ 'അദോറിറ്റി ഓവർ' ഇൻ ഗ്രീക്ക് ലിറ്ററേച്ചർ? ഏ സർവെ ഓഫ് 2,336 എക്സാമ്പിൾസ്," *ട്രിനിറ്റി ജേണൽ*, ന്യൂ സീരീസ് 6 (സ്പ്രിങ് 1985): 38–59. [5]വാൾചട്ടർ കെ. ലെയിസി ഒബ്സെർവ് ദാറ്റ് മിഡിൽ-ആന്റ് ലോവർ-ക്ലാസ് വുമൺ "സ്റ്റെയ്ഡ് ആൾമോസ്റ്റ് എന്റൈർലി ഇൻ ദെയർ ഹോംസ്," (വാൾട്ടർ കെ. ലെയ്സി, "വുമൺ, പൊസിഷൻ ഓഫ്," ഇൻ *ദ ഓക്സ്ഫോർഡ് ക്ലാസിക്കൽ ഡിക്ഷ്ണറി.* 2ഡ് എഡി. [ഓക്സ്ഫോർഡ്: ക്ലാരെന്റൻ പ്രസ്, 1970], 1139). [6]ജാക് പി. ലൂയിസ് ഹാഡ് ഏ ഡിഫ്രന്റ് വ്യൂ പോയിന്റ്. ഹീ ആര് ഗൂഡ് ദാറ്റ് ദ അസംബ്ലി വാസ് നോട് അറ്റ് ഇഷു വെൻ പോൾ ഡിസ്ക്കസ് അറ്റ് ഹെഡ് കവറിങ്ങ്സ് ഇൻ 1 കൊരിന്ത്യർ 11:4–16 ആന്റ് ദാറ്റ് ദ അസംബ്ലി ഓഫ് ദ ചർച്ച് ഡസ് നോട് കം അപ് അണിൽ 11:17, 18. (ജാക് പി. ലൂയിസ്, "ദ റോൾ ഓഫ് വുമൺ ഇൻ ദ അസംബ്ളി: എപ്പിസ്റ്റിൽസ് ഓഫ് പോൾ," ഇൻ *ദീസ് തിങ്സ് ആർ റിട്ടൻ:*

*ബൈബിൾ ലെക്ച്ചേഴ്സ് പ്രെസൻറ് അറ്റ് ഹാർഡിങ് ഫ്രം 1952–2012* [സിയേഴ്സി, അര്ക്കൻസാസ്.: ട്രൂത്ത് ഫോർ ടുഡേ വേൾഡ് മിഷൻ സ്ക്കൂൾ, 2013], 700–2.) [7]ബെൻ വിതറിങ്ടൻ III, *കോൺഫ്ളിക്ട് ആന്റ് കമ്മൂണിറ്റി ഇൻ കൊരിന്ത് ഏ സോഷ്യോ–റിറ്റോറിക്കൽ കമെന്ററി ഓൺ 1 ആന്റ് 2 കൊരിന്ത്യർ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1995), 232. [8]ഓസ്റ്റർ, "വെൻ മെൻ വോർ വെയിൽസ്," 493–97. ഗോർഡൻ ഡി. ഫീ വാസ് മിസ്റ്റേക്കൺ വെൻ ഹി സെഡ് ദാറ്റ് എവിഡെൻസ് ഈസ് ലാക്കിങ് ഫോർഹെഡ് കവറിങ്ങ്സ് ഇൻ ഗ്രീക്ക്, റോമൻ ആന്റ് ജീവിഷ് കൾച്ചേഴ്സ്. (ഗോർഡൻ ഡി. ഫീ, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ടു ദ കൊരിന്ത്യൻസ്*, ദ ന്യു ഇന്റർ നാഷ്ണൽ കമെന്ററി ഓഫ് ദ ന്യൂടെസ്റ്റമെന്റ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987], 507–8.) [9]ഓസ്റ്റർ, "വെൻ മെൻ വോർ വെയിൽസ്," 504. പാലെസ്തീനിയൻ അല്ലെങ്കിൽ ഡയാസ്പോറയിലെ പതിവനുസരിച്ച് സ്ത്രീകളുടെ കീഴ്പ്പെടലിനെ സൂചിപ്പിക്കുന്നതാണ് ഓസ്റ്ററിന്റെ കാര്യമെങ്കിൽ അത് ശക്തമായ പോയിന്റ് തന്നെയാണ്. എഫെസ്യർ 5:23 മുതലുള്ള സാഹചര്യമാണെങ്കിൽ, ഓസ്റ്റർ മോശമായ സാഹചര്യം ഒഴിവാക്കിയിരിക്കുന്നു എന്നു പറയാം. [10]എവററ്റ് ഫെർഗൂസൻ, "ഓഫ് വെയിൽസ് ആന്റ് വെർജിൻസ്, ഗ്രീക്കക്, റോമൻ, ജ്യൂവിഷ്, ആന്റ് ഏർലി ക്രിസ്ത്യൻ പ്രാക്ടിസ്," *റെസ്റ്റൊറേഷൻ ക്വാർട്ടെർലി* 56 (ഫോർത് ക്വാർട്ടർ 2014): 241.

[11]ഇബിഡ്. [12]വില്യം എഫ് ഓർ ആന്റ് ജെയിംസ് ആർതർ വാളതെർ, *1 കൊരിന്ത്യർ*, ദ ആങ്കർ ബൈബിൾ (ഗാർഡെൻ സിറ്റി, എൻ വൈ: ഡബിൾഡേ ആന്റ്കമ്പനി, 1976), 260. [13]ഹാൻസ് കോൺസെൽമാൻ, *1 കൊരിന്ത്യൻസ്*, ട്രാൻസ്. ജെ. ഡബ്ലിയു. ലെയിച്ച്, ഹെർമെനിയ (ഫിലദെല്ഡഫിയ: ഫോർട്രെസ് പ്രസ്, 1975), 185. [14]ഡേവിഡ് ഈ. ഗാർലന്റ്, *1 കൊരിന്ത്യർ*, ബേക്കർ എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ അക്കാഡമിക്, 2003), 520. [15]ഗാർലന്റ്, 529. [16]ഹെരോഡൊട്ടസ്, *പെർസിംം വാഴ്സ്* 1.82.7. [17]ഗാർലന്റ്, 534–35. [18]ഗെർഡ് തെസൻ, *ദ സോഷ്യൽ സെറ്റിങ്ങ് ഏഫ് പൗളിൻ ക്രിസ്ത്യാനിറ്റി: എസ്സെയ്സ് ഓൺ കൊരിന്ത്*, ട്രാൻസ് ആന്റ് എഡി. ജോൺ എച്ച്. സ്കസ് (ഫിലദെൽഫിയ: ഫോര്ട്രെസ് പ്രസ്, 1982), 148–49. [19]റേയ്മണ് സി. കെലെ പറഞ്ഞതനുസരിച്ച്, കൊരിന്ത്യർ "പൊതുവായ ഭക്ഷണം കർത്തൃമേശക്ക് മുൻപ്" ആയിട്ടാണ് കഴിച്ചത് റേയ്മൺ സി കലെ, *ഫസ്റ്റ് കൊരിന്ത്യൻസ്*, ദ ലിവിങ് വേർഡ് സീരീസ് (ആസ്റ്റിൻ, ടെക്സസ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1967), 51–52. കർത്തൃമേശാ ക്രമം 11:33 പ്രകാരം, പൊതുവായ ഭക്ഷണശേഷമാണ് കർത്തൃമേശ. "നിങ്ങൾ പൊതുവായ ഭക്ഷണത്തിനാ, യി കൂടി വരുമ്പോൾ, അന്യോന്യം കാത്തിരിപ്പിൻ." [20]പിതാക്കന്മാരുടെ കാലത്ത് ആ വാക്ക് നൽകിയ വിവരം, ജി. ഡബ്ലിയു. എച്ച്. ലാംപെ, *ഏ പാട്രിയാചടിക് ഗ്രീക്ക് ലെക്സിക്കൻ* (ഓക്സ്ഫോർഡ്ക്ലാരെന്റൺ പ്രസ്, 1961), 785–86.

[21]കൊരിന്തിൽ നടന്ന പൊതുഭക്ഷണ രീതി ഒരുപകക്ഷെ യൂദാ 12 ലും 2 പത്രൊസ് 2:13 ലും പറയുന്ന "സ്നേഹ വിരുന്നു" പോലെ ആയിരുന്നേക്കാം. (ആ വിരുന്നുകളെ കുറിച്ച് ഡുവെയിൻ വാർഡനെ *1 & 2 പത്രൊസും യൂദയും*, ട്രൂത്ത് ഫോർ ടുഡേ കമെന്ററി [സിയേഴ്സി, ആർക്.: റിസോഴ്സ് പബ്ലിക്കേഷൻസ്, 2009], 385–87.) [22]വെയിൻ ഏ. മീക്സ്, *ദ ഫസ്റ് അർബൻ ക്രിസ്ത്യൻസ്: ദ സോഷ്യൽ വേൾഡ് ഓഫ് ദ അപൊസ്തൽ പോൾ*, 2ഡ് ആഡി. (ന്യു ഹാവെൻ, കോൺ.: യെയിൽ യൂണിവേഴ്സിറ്റി പ്രസ്പ്രസ്, 2003), 68. [23]ചില നാമധേയ വിഭാഗക്കാർ കർത്തൃമേശക്ക് "നന്ദി," അല്ലെങ്കിൽ "കൃതാർത്ഥത" എന്ന വാക്കിനായി ഇംഗ്ലീഷിൽ എടുത്തിരിക്കുന്ന വാക്കാണ് "യൂക്കകാരിസ്റ്റ്." [24]അഗസ്റ്റിൻ *കൺഫെഷൻസ്* 7.10.16. [25]ഫീ, 557.